BIBLE STANDARD (Malayalam)
BI-MONTHLY

# ബൈബിൾ സ്റ്റാൻഡാർഡ്

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 922**

ഉൾപേജുകളിൽ.... പേജ്

ആദർശവാക്യം 2021 - യഹോവ തന്റെ ശിഷ്യന്മാരെ ക്ഷണിക്കുന്നു ..................2
കർത്താവിന്റെ കണ്ണ്, കയ്യ്, നാവ് ............12
രാജാവിന്റെ സാന്നിദ്ധ്യത്തിന്റെ അടയാളങ്ങൾ ......................................21
കാൽവിനും (ജോൺ കാൽവിൻ) സെർവിറ്റസും.......................................23

VOL - XIV, ISSUE 1 ജനുവരി – ഫെബ്രുവരി 2021


# യഹോവ തന്റെ ശിഷ്യന്മാരെ ക്ഷണിക്കുന്നു

## JEHOVAH INVITES HIS DISCIPLES

**“എന്നെ അയച്ച പിതാവു ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല; ഞാൻ ഒടുക്കത്തെ  നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും” – യോഹ. 6: 44 (ആദർശവാക്യം 2021)**

**ഈ വർഷത്തെ ഗീതം – “നമ്മുടെ സ്തോത്രഗാനം” # 202; പ്രതിദിന ഗീതം – മന്നാ പുസ്തതകത്തിലെ 7–ാം ഗീതം**

“ആകർഷിക്കുക” എന്ന പദത്തിന്റെ സംക്ഷിപ്തമായ അർത്ഥത്തെ ചിന്തിച്ചുകൊണ്ട് ഈ വിഷയത്തെക്കുറിച്ചുള്ള പര്യാലോചന ഞങ്ങൾ ആരംഭിക്കുന്നു. നീതീകരിക്കപ്പെട്ട ഒരു വിശ്വാസിക്ക് ദൈവം ഒരു ക്ഷണം നൽകുന്നു എന്ന ചിന്തയാണ് ഈ വാക്കുകൾ വഹിക്കുന്നത്. വാസ്തവത്തിൽ തന്റെ ബുദ്ധിയുള്ള സൃഷ്ടികളോടുള്ള ദൈവത്തിന്റെ ഇടപെടലുകൾ സമ്മർദ്ദത്തിന്റെ തത്വത്തിലല്ല, ആകർഷണത്തിന്റെയും, അനുനയത്തിന്റെയും, നിയന്ത്രണത്തിന്റെയും തത്വത്തിന്മേലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. വിശാലമാക്കപ്പെട്ട സുവിശേഷയുഗ കൊയ്ത്തിൻ വേലയിൽ ഉൾപ്പെടെ സുവിശേഷയുഗത്തിൽ തന്റെ സത്യത്താൽ നീതിയിലേക്കു ആകർഷിക്കുന്നതും അനുനയിപ്പിക്കുന്നതും ദൈവമാണ്. “എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാത്ത ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല” എന്നു പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവായ യേശു ഈ കാലത്തുള്ള എല്ലാ ആകർഷണവും പിതാവിന്മേൽ ആരോപിക്കുന്നു. ഭൂമിയിലെ സകല വംശങ്ങളെയും അനുഗ്രഹിക്കുക എന്ന സഹസ്രാബ്ദ വേലയ്ക്കായി സ്വർഗ്ഗീയവും ഭൗമീകവുമായ തന്റെ രാജ്യത്തെ രൂപീകരിക്കുന്നതിനു വേണ്ടി വിളിക്കപ്പെട്ടവരിൽ നിന്നും യേശുവിനോടുകൂടെ, തന്റെ കീഴിൽ ഒരു യഥാർത്ഥ സത്യസഭയെ തിരഞ്ഞെടുക്കുക എന്നതാണ് പിതാവിന്റെ വേല.





തന്റെ ശിഷ്യന്മാരാകുവാൻ യഹോവ എല്ലാവരേയും നിർബന്ധിക്കുകയോ അവർ വഴങ്ങിക്കൊടുക്കാത്ത പക്ഷം അവരെ ഭീക്ഷണിപ്പെടുത്തുകയോ ചെയ്യുന്നില്ല. നമ്മുടെ യജമാനൻ ഈ വിഷയത്തെ ഈ പറഞ്ഞതിനു വിപരീതമായാണ് നോക്കിക്കാണുന്നത്. വിഭിന്നമായ ഒരു അഭിപ്രായത്തിനു സാധ്യത ഇരിക്കെത്തന്നെ, നമ്മുടെ കർത്താവ് ഒരു പ്രത്യേകമായ ഗണത്തിന്മേൽ മാത്രം അനുകൂലമായ ഒരു സ്വാധീനം ഉദ്യമിപ്പിക്കുന്നു എന്നാണ് നമ്മുടെ അറിവ്. ക്രിസ്തുവിന്റെയും ക്രിസ്തുവിലുള്ള വിശ്വാസത്താലുള്ള പാപമോചനത്തിന്റെയും അറിവിലേക്കു ഈ ഗണത്തെ കൊണ്ടുവരുന്നതിനുള്ള ജ്ഞാനത്തിന്റെ സ്വാധീനത്തെത്തന്നെ. ഈ സത്യം വിളിച്ചു വേർതിരിക്കപ്പെട്ട ഹൃദയങ്ങളിലും ബുദ്ധിയിലും എത്തിച്ചേർന്നാൽ ആകർഷിക്കുക എന്നതാണ് അതിന്റെ സ്വാധീനം!

തിരുവെഴുത്തുകൾ സംസാരിക്കുന്നതായ ദൈവീകമായ ഈ ആകർഷണം ജഢികമായ സ്വാഭാവികമായ ഒരു ആകർഷണമായി തോന്നുന്നു. അത് പാപകരമായ കാര്യങ്ങളിലേക്കുള്ളവയല്ല, മറിച്ച് വിശുദ്ധിയുടെ വഴിയെ ഉള്ളതാണ്. എന്നിരുന്നാലും സ്വാഭാവിക മനുഷ്യന്റെ തലത്തിലുള്ളതു കൂടിയാണ്. മനുഷ്യരാശിയിൽ ചിലർക്ക് ദൈവത്തോടും നീതിയോടും ഉള്ള താത്പര്യം ലോകത്തിന്റെയും ജഢത്തിന്റെയും പിശാചിന്റെയും മൂഢമായ പ്രഭാവത്തിനു അതീതമായി നിലകൊള്ളുന്നു. ഈ ഗണം അവരുടെ മനസ്സുകളിലെ സ്വാഭാവിക ചായ്‌വുകളാൽ ദൈവത്തിങ്കലേക്ക് ആകർഷിക്കപ്പെടുന്നു. ദൈവം ആദാമിനു നൽകുകയും “നന്ന്” എന്നു അവൻ പ്രസ്താ

വിച്ചതുമായ ആ ദാനം ആദാമ്യ വീഴ്ചയാൽ മറ്റുള്ളവരിലുള്ളതിനേക്കാൾ കുറവായി ഈ വ്യക്തികളിൽ നിലകൊള്ളുന്നു. അങ്ങനെ ഉള്ളവർ ദൈവത്തിന്റെ അംഗീകാരത്തിനായും അവിടുത്തെ അനുഗ്രഹങ്ങൾക്കായും സ്വാഭാവികമായി ഇച്ഛിക്കുന്നു. ദൈവത്തിന്റെ സമർപ്പിത പൈതൽ ചെന്നായ്ക്കളുടെ കൂടെയുള്ള ആട്ടിൻകൂട്ടത്തോടൊപ്പം ആയിരിക്കുവാൻ ആഗ്രഹിക്കുന്നവരായിരിക്കും. റിബെക്കയെയും ആട്ടിൻകൂട്ടത്തെയും നാം കിണറ്റിന്റെ കരയിൽ കാണുന്നു. ഇവ ജീവജലത്തിനായി ആഗ്രഹിക്കുന്ന ചെറിയ ആട്ടിൻ കൂട്ടത്തെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു. കിണർ ബൈബിളിനെ പ്രതിനിധീകരിക്കുന്നു. ഈ ചിത്രം ഉൽപ്പത്തി 24 ൽ ഭംഗിയായി വരച്ചു കാട്ടിയിരിക്കുന്നതായി കാണാം. ഈ ചിത്രം ഇന്നുവരേയും വിളിക്കപ്പെട്ടവരായ ഗണങ്ങളിലൂടെ തുടർന്നു പോരുന്നു.

മദ്യപാനികളെയും വേശ്യമാരെയും ദൈവദൂഷകന്മാരെയും വീണ്ടെടുക്കുന്ന കേവലം ഒരു ദൗത്യമായിരുന്നില്ല സുവിശേഷ ദൂതിനുള്ളത്. ചുങ്കക്കാരെയും വേശ്യകളെയും നിരസിച്ചിരുന്നില്ല എങ്കിൽ തന്നെയും അവരെ തേടി പോയിരുന്നതുമില്ല, പോകുന്നതുമില്ല. അവർ നീതി അന്വേഷിക്കുന്നതിനു വേണ്ടി അത് അവർക്കായി കാത്തിരുന്നു. ഏതൽക്കാലത്തെ പ്രതികൂലമായ സാഹചര്യങ്ങൾക്കു കീഴിലും നമ്മുടെ മാനസിക കണ്ണുകൾ സത്യത്തിനു നേരെ തുറന്നിരിക്കുന്നതിനാൽ നാം ആകർഷിക്കപ്പെട്ടു എങ്കിലും സത്യത്തെ അനുഗമിക്കുവാൻ നമ്മെ നിർബന്ധിക്കുന്നില്ല. വേണ്ടുന്ന പക്ഷം നമുക്കു "പിൻമാറാം" (R 1056).

നീതിയെ സ്നേഹിച്ച് അനീതിയെ വെറുക്കുകയും, ദൈവത്തെ അനുഗമിക്കുകയും ചെയ്യുന്നവർ പെട്ടെന്ന് പുത്രനെ കണ്ടെത്തിയാൽ അവരെ പുത്രങ്കലേക്ക്, "അവന്റെ രക്തത്തിലുള്ള വിശ്വാസത്താലുള്ള നീതീകരണത്തിനായി" പിതാവ് ആകർഷിക്കുന്നു. "നമ്മുടെ ദൈവമായ കർത്താവു വിളിച്ചു വരുത്തുന്ന ഏവർക്കും" എന്നു അപ്പൊസ്തലൻ പറയുന്നതു പോലെ, കർത്താവിന്റെ അനുയായികളിൽ ചിലർ കാൽവരിയിലെ അനുഭവത്തിനു മുൻപും, മറ്റു ചിലർ സുവിശേഷയുഗം ഉടനീളവും പിതാവിനാൽ ആകർഷിക്കപ്പെട്ടവരാണ് (അപ്പൊ. 2:39). ഇതിനോടുള്ള ബന്ധത്തിൽ നമ്മുടെ കർത്താവിന്റെ വാക്കുകളെ നമുക്ക് ഒരിക്കൽ കൂടി ശ്രദ്ധിക്കാം. "എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല". ഇതിനു ഒരു പ്രത്യേകത ഉണ്ട്: വെളിപ്പാടിൽ സൂചിപ്പിച്ചിരിക്കുന്ന, ആ വരുന്നവർക്കാർക്കും ജീവജലം സൗജന്യമായി ഒഴുകുന്ന ആ സമയം ഇതുവരെ വന്നെത്തിയിട്ടില്ല (വെളി. 22:17). പിതാവ് ഇപ്പോൾ ക്ഷണിക്കുകയും ആകർഷിക്കുകയും ചെയ്യുന്നവർക്കു വേണ്ടിയുള്ള തിരഞ്ഞെടുപ്പിനായി കരുതിയിരിക്കുന്ന സഹസ്രാബ്ദത്തിലെ ആ മഹത്തായ കാലത്തെക്കുറിച്ചാണ് അവിടെ പരാമർശിച്ചിരിക്കുന്നത്, ഇപ്പോഴത്തെ കാലത്തെക്കുറിച്ചല്ല. ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ച ആരംഭിക്കുന്നതു വരെ വിശാലമാക്കപ്പെട്ട സുവിശേഷയുഗ വിളിയുടെ വേലയ്ക്ക് ഒരു പ്രത്യേകത ഉണ്ട്.




## സകല മനുഷ്യരെയും ആകർഷിക്കുന്നതു ഭാവിയിലാണ്

ഈ വിഷയത്തിലുള്ള താരതമ്യം നടത്തുവാൻ അൽപനേരം നമ്മുടെ വിഷയത്തിൽ നിന്നും ഞങ്ങൾ വ്യതിചലിക്കുന്നു. ഈ കാലഘട്ടത്തിൽ എല്ലാ മനുഷ്യരെയും യേശു ആകർഷിക്കുന്നില്ല എന്നു തിരുവെഴുത്തുകൾ നമുക്കു ഉറപ്പു നൽകുന്നു. യോഹ. 6:44 ൽ പറയുന്നതുപോലെ ഈ കാലത്തിലെ എല്ലാ ആകർഷണങ്ങളും പിതാവ് ആണ് നടത്തുന്നത് എന്നു യേശു സൂചിപ്പിക്കുന്നു. യേശു എന്ന പേരു പോലും കേട്ടിട്ടില്ലാത്ത എത്രപേർ ഇന്ന് ഈ ലോകത്ത് ഉണ്ട് എന്നു നിരീക്ഷിക്കുമ്പോൾ, യേശുവിലേക്കുള്ള അനുകൂല സ്വാധീനം കുറവായിരിക്കുമ്പോൾ ഈ കാലത്തിൽ നമ്മുടെ കർത്താവു സകല മനുഷ്യരെയും തന്നിലേക്ക് ആകർഷിക്കുന്നില്ല എന്നു തെളിയുന്നു. പിതാവിന്റെ ആകർഷണത്തിന്റെ ഉദ്ദിഷ്ട ലക്ഷ്യം പൂർത്തീകരിക്കാതെ പുത്രന്റെ ആകർഷണം

ആരംഭിക്കുകയില്ല. പിതാവിന്റെ ആകർഷണത്തിന്റെ ഉദ്ദേശ്യമോ പുത്രന്റെ നാമത്തിനായി ഒരു ജനത്തെ വേർതിരിക്കുക എന്നതാണ്. ഈ യുഗത്തിലെ വ്യത്യസ്ഥരായവരെ തിരഞ്ഞെടുക്കുന്ന വേല പൂർത്തിയാക്കുന്നതെപ്പോഴാണോ അപ്പോൾ മനുഷ്യരാശിയിലെ ശേഷിക്കുന്ന "എല്ലാവരേയും പുത്രങ്കലേക്കു ആകർഷിക്കുന്നതിനുള്ള" സമയം സമീപിക്കും. ഈ യുഗത്തിൽ പിതാവു വിശ്വസ്തരായവരെ ആകർഷിക്കുന്നതുപോലെ വരുവാനുള്ള രാജ്യത്തിൽ ക്രിസ്തുവിന്റെ മാദ്ധ്യസ്ഥ വാഴ്ചയിൽ പുത്രനും തന്നോടുകൂടെ സഭയും ചേർന്ന് എല്ലാവരെയും ആകർഷിക്കും (യെശ. 32:1; അപ്പൊ. 3:21,22; 2 തിമൊ. 2:12).

വരുവാനിരിക്കുന്ന സഹസ്രാബ്ദ യുഗത്തിൽ മനുഷ്യരാശി ദൈവത്തിന്റെ ക്രമീകരണങ്ങളോടു ഐക്യതയിൽ വരുമ്പോൾ പുത്രത്വത്തിന്റെ – മനുഷ്യപുത്രത്വത്തിന്റെ നിലവാരത്തിലേക്ക് അവർ കൂടുതൽ കൂടുതൽ അടുത്തുവരും. ശേഷം ക്രിസ്തു സകല മനുഷ്യരെയും തന്നിലേക്ക് ആകർഷിക്കും (യോഹ. 12:32; പറൂസ്യാ വാല്യം 5, പേജ് 414, 415 നോക്കുക). ആ യുഗത്തിന്റെ അന്ത്യത്തിൽ വ്യവസ്ഥകളെ പൂർണ്ണമായി പാലിച്ച്, രാജ്യത്തിന്റെ നിയമങ്ങളോടു പൊരുത്തത്തിൽ വന്നവർ പൂർണ്ണ പുത്രത്വം പ്രാപിക്കും. ആദാമിൽ നിന്നു നഷ്ടപ്പെട്ടു പോയ ദൈവാത്മാവായ ദൈവീക സ്വഭാവത്തിന്റേതായ ന്യായം, നീതി, സ്നേഹം എന്നിവയോടു അവർ കൂടുതൽ പൊരുത്തപ്പെട്ടവരായിത്തീരും. ഇത് പിന്നീട് അവരുടെ സ്വന്ത സ്വഭാവമായിത്തീരുകയും ചെയ്യും. അവർ ഭൂമിയിൽ ദൈവത്തിന്റെ സ്വരൂപത്തിലായിത്തീരും. ആദാം പൂർണ്ണനായിരുന്നപ്പോൾ അവനുണ്ടായിരുന്ന ദൈവസാദൃശ്യത്തിന്റെ പൂർണ്ണ മനോഭാവവും ധർമ്മവും അവർ മുഴുവനായി പുനരാർജ്ജിക്കും. കൂടാതെ ആദാം വളർത്തിയെടുക്കുന്നതിൽ പരാജയപ്പെട്ട നീതിയുടെ സ്ഫടികതുല്യമായ സ്വഭാവം പ്രാപിക്കുകയും ചെയ്യും. ഈ മഹത്തായ എല്ലാ അനുഗ്രഹങ്ങളും "നിത്യപിതാവ്" എന്നു തിരുവെഴുത്തുകൾ പേർചൊല്ലി വിളിക്കുന്ന യേശുക്രിസ്തുവിലൂടെ ലോകം ഏറ്റു വാങ്ങും (യെശ. 9:6).




## യഹോവ തന്റെ വിശുദ്ധന്മാരെ നടത്തുന്നു

സങ്കീർത്തനക്കാരൻ 31:15 ൽ ഇങ്ങനെ പറയുന്നു, "എന്റെ കാലഗതികൾ നിന്റെ കൈയ്യിൽ ഇരിക്കുന്നു". സങ്കീർത്തനക്കാരൻ തന്റെ ജീവനെ ദൈവത്തിനു സമർപ്പണം ചെയ്തിരുന്നു. എന്നാൽ അത് ഒരു ക്രിസ്ത്യാനിയുടെ ഇന്നത്തെ സമർപ്പണം പോലെ ആയിരുന്നില്ല. ആ കാലത്ത് ഏതൊരാൾക്കും കഴിയുന്നത്ര പൂർണ്ണമായി അദ്ദേഹം സ്വയം സമർപ്പിച്ചു. അദ്ദേഹം തന്റെ സകല ഇച്ഛകളെയും കർത്താവിന്റെ കരങ്ങളിൽ വെച്ചു. തന്റെ ജീവിതത്തിലെ വിവിധങ്ങളായ നിരവധി അനുഭവങ്ങളിലും യഹോവയിലുള്ള തന്റെ വിശ്വാസം പരാജയപ്പെട്ടില്ല. ദാവീദ് രാജാവിനു ഉറപ്പുള്ള വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ നിരവധിയായ മനോഹരവും ഹൃദയസ്പർശിയുമായ ഭാവാവിഷ്ക്കരണം അദ്ദേഹത്തിന്റെ നാൾമുതൽ എല്ലാ നൂറ്റാണ്ടുകളിലും ദൈവത്തിന്റെ വിശുദ്ധന്മാർക്ക് പ്രചോദനവും അനുഗ്രഹവും ആയിരുന്നു. അദ്ദേഹത്തിനുണ്ടായ വിവിധങ്ങളായ വലിയ പരിശോധനകളിലും ഉപദ്രവങ്ങളിലും കർത്താവിനോടുള്ള അദ്ദേഹത്തിന്റെ വിശ്വാസം സ്ഥിരതയും ഉറപ്പും ഉള്ളതായിരുന്നു. അതേ, ദൈവത്തിന്റെ നായകന്മാരിൽ ഒരാളായിരുന്നു ദാവീദ്!

ദാവീദ് രാജാവ്, ശിരസ്സും ശരീരവുമായ ക്രിസ്തുവിനു വേണ്ടി പ്രവചനരൂപത്തിൽ ഇവിടെ ഒരു പ്രത്യേക വിധത്തിൽ സംസാരിച്ചു എന്നു നമുക്ക് അനുമാനിക്കാം. എന്തെന്നാൽ "ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ" എന്നു പറഞ്ഞിരിക്കുന്നു. അവരുടെ വാക്കുകൾ ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കും സുവിശേഷയുഗം ഉടനീളം ഇന്നുവരെയുള്ള വിശുദ്ധന്മാർക്കും ഏറെക്കുറെ ബുദ്ധിയുപദേശത്തിനായി എഴുതിയിരിക്കുന്നു എന്നും നമുക്കറിയാം.

ഈ യുഗത്തിലെ വിശുദ്ധന്മാർ അവരുടെ സമർപ്പണത്തിന്റെ ഉദ്ദേശ്യത്തെപ്പറ്റി വ്യക്തമായി അറിവുള്ള ഒരു പ്രത്യേക സമർപ്പിത ഗണമാണ്. എന്തെന്നാൽ

ഈ കാലം ക്രിസ്തുവിന്റെയും മഹാപുരുഷാരത്തിന്റെയും വേലകൾ ചെയ്യേണ്ടതും യുവവീരന്മാരുടെ വിളി പൂർത്തീകരിക്കേണ്ടതിന്റെയും സമയമാണ്. 1954 മുതൽ യഹോവ എപ്പിഫനി പാളയ സമർപ്പിതർ എന്ന വിശുദ്ധന്മാരുടെ മറ്റൊരു സഹസ്രാബ്ദ പൂർവ്വ ഗണത്തെ വിളിക്കുകയാണ് (PT 1977, p. 38 ൽ നിന്നുള്ള ഉദ്ധരണി). "യഥാസ്ഥാപന ഗണവും... മഹാപുരുഷാരവും, മറ്റു യഥാസ്ഥാപന പൂർവ്വ സമർപ്പിത ഗണങ്ങളും തമ്മിലുള്ള വ്യക്തമായ ഒരു വ്യത്യാസം കൂടെ ഇവിടെ കാണിച്ചിരിക്കുന്നു. സീയോൻ, മോറിയ, അക്ര, ബസീത്ത, ഓഫേൽ എന്നിവയാൽ പ്രതീകാത്മകമായി യഥാക്രമം ചിത്രീകരിച്ചിരിക്കുന്ന അഞ്ച് യഥാസ്ഥാപന പൂർവ്വ സമർപ്പിത ഗണങ്ങളായ ചെറിയ ആട്ടിൻ കൂട്ടം, പുരാതന വീരന്മാർ, മഹാപുരുഷാരം, യുവവീരന്മാർ, എപ്പിഫനി പാളയ സമർപ്പിതർ എന്നിവരെ തിരഞ്ഞെടുക്കപ്പെടാത്തവരെ വിശുദ്ധിയിൻ പെരുവഴിയിലേക്കു നയിക്കുന്നതിനുള്ള പ്രത്യേക മുഖാന്തിരങ്ങളാക്കി ദൈവം വെക്കും (സങ്കീ. 72:3 താരതമ്യം ചെയ്യുക). ദൈവം അവരെ ഈ ഉദ്ദേശ്യത്തിനായി ഉയർത്തും. (E. 16, p. 138)" (ഉദ്ധരണി അവസാനിക്കുന്നു).

എപ്പിഫനി പാളയ സമർപ്പിതർ എന്ന വിശുദ്ധന്മാരുടെ (ഹാഗിയോസ് അതായത് വിശുദ്ധന്മാർ അഥവാ പ്രതിഷ്ഠിക്കപ്പെട്ടവർ) ഈ ഗണത്തെ, ലേവ്യർക്ക് അവരുടെ ശുശ്രൂഷയിൽ സഹായികളായിരുന്ന നിധിനീമ്യരായും ചിത്രീകരിച്ചിരിക്കുന്നു (PT' 71, pp. 37-42). തിരഞ്ഞെടുക്കപ്പെടാത്തവരെ യഥാസ്ഥാപന അവസരങ്ങൾക്കൊണ്ട് വീരന്മാർ അനുഗ്രഹിക്കുന്ന വേളയിൽ ഈ ഗണം അവർക്ക് സഹായികളായിരിക്കുന്നതിനാൽ, സഹസ്രാബ്ദത്തിൽ അവർ ധാരാളമായി അനുഗ്രഹിക്കപ്പെടും. നിധിനീമ്യരെ (CEC) എസ്രാ. 8:20 ൽ മികച്ച രീതിയിൽ ചിത്രീകരിച്ചിരിക്കുന്നു. "ദാവീദും പ്രഭുക്കന്മാരും ലേവ്യർക്കു ശുശ്രൂഷക്കാരായി കൊടുത്ത ദൈവാലയദാസന്മാരിൽ ഇരുന്നൂറ്റി ഇരുപതു പേരെയും ഞങ്ങളുടെ അടുക്കൽ കൂട്ടിക്കൊണ്ടു വന്നു; അവരുടെ പേരൊക്കെയും കുറിച്ചു വെച്ചിരുന്നു".

ഇവർ സഹസ്രാബ്ദത്തിൽ വീരന്മാരുടെ കീഴിലുള്ള യഥാസ്ഥാപന വർഗ്ഗത്തിലെ ഏറ്റവും ഉയർന്ന ഗണവും, ഏറ്റവും ഉയർന്ന സഹസ്രാബ്ദാനന്തര ഭൗമീക ഗണവും ആയിരിക്കും. ഫറവോനെയും അവന്റെ സേനയേയും ചെങ്കടലിൽ തള്ളിയിട്ടതിനു ശേഷം വിമോചനത്തിന്റെ മഹത്തായ ഗാനം ആലപിക്കുന്നതിൽ സ്ത്രീകളെ നയിച്ച, മോശെയുടെയും അഹരോന്റെയും സഹോദരിയായ മിര്യാം അൽപകാലത്തിലെ രണ്ടാം മരണത്തിൽ സാത്താനെയും അവന്റെ സേനയെയും നശിപ്പിച്ചതിനു ശേഷം ഹല്ലേലുയ്യാ ഗാനം (വെളി. 5:13) പാടുന്ന മനുഷ്യരാശിയിലെ നേതാക്കന്മാരെ ചിത്രീകരിക്കുന്നതായി കാണുന്നു (E. 11, p. 293). പൊരുളിലെ മിര്യാമിലെ ഏറ്റവും പ്രധാന ഗണമായിരിക്കും എപ്പിഫനി, പാളയ സമർപ്പിതർ, വിശുദ്ധിയിൻ പെരുവഴിയിലൂടെ ഭൂമിയിലെ നിത്യജീവനിലേക്ക് എത്തിച്ചേരുവാൻ അവർക്കു വേണ്ടുന്ന സഹായം ലഭ്യമാക്കിക്കൊടുത്ത ഈ ഗണത്തിന്റെ സഹസ്രാബ്ദ വേലയേയും സ്നേഹത്തിന്റെ അദ്ധ്വാനത്തെയും ഒരിക്കലും മറക്കില്ല. അവരും ധാരാളമായി പ്രതിഫലം നേടും.

"കാലഗതികൾ" എന്ന പദത്തിലേക്ക് നമ്മുടെ ശ്രദ്ധയെ നമുക്കു തിരികെ കൊണ്ടുവരാം. കാലങ്ങൾ എന്ന പദം ആണ്ടുകൾ എന്ന ആശയം നൽകുന്നു. യഥാസ്ഥാപന കാലങ്ങളെക്കുറിച്ചും, ജാതികളുടെ കാലങ്ങളെ കുറിച്ചും, ജാതീയ രാജ്യങ്ങൾക്കു കീഴിലുള്ള യിസ്രായേലിന്റെ ഏഴുകാല ശിക്ഷയുടെ കാലങ്ങളെക്കുറിച്ചും തിരുവെഴുത്തുകൾ സംസാരിക്കുന്നു. "എന്റെ കാലഗതികൾ" എന്നാൽ എന്റെ എല്ലാ താത്പര്യങ്ങളും എല്ലാ ചിന്തകളും എന്റെ എല്ലാ കഴിവുകളുടെ ഉപയോഗവും, ശുശ്രൂഷ ചെയ്യുവാനുള്ള എന്റെ അവസരങ്ങളും എന്റെ സമർപ്പിത ജീവിത കാലയളവിൽ കർത്താവിനായി ഉപയോഗിക്കാവുന്ന എല്ലാറ്റിനെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എന്റെ ആണ്ടുകൾ എന്നു അർത്ഥമാക്കുന്നു. സ്വർഗ്ഗീയ രാജാവിന്റെ മക്കൾ എന്ന നിലയിൽ നാം നമ്മുടെ പ്രത്യാശയിലും, വിശ്വാസത്തിലും, അനുസരണത്തിലും, സമർപ്പണത്തിലും നമ്മുടെ എല്ലാ താത്പര്യങ്ങളെയും അവന്റെ കരങ്ങളിൽ വെച്ചിരിക്കുന്നു.

ഒരു പ്രത്യേക അർത്ഥത്തിൽ യഹോവയുടെ കുടുംബത്തിലെ അംഗങ്ങളാകുവാൻ ക്ഷണിക്കപ്പെട്ടവരായ നാം ജീവിതത്തിലെ സകല കാര്യങ്ങളെയും നഷ്ടവും കന്മഷവും എന്നു എണ്ണി അവിടുത്തെ ക്ഷണം സ്വീകരിച്ചിരിക്കുന്നു. ഈ തീരുമാനത്തോടെ നാം തന്റെ വിശിഷ്ടമായ ഈ വാഗ്ദാനം സ്വീകരിച്ചിരിക്കയാലും തന്റെ കരങ്ങളിൽ നമ്മെ പൂർണ്ണമായും വെച്ചിരിക്ക

ഇപ്പറഞ്ഞതിൽ നമുക്കു വളരെ വ്യക്തതയുള്ള വരായിരിക്കാം. ഒരു സമർപ്പിത പൈതൽ നിർണ്ണ യിക്കുന്ന പക്ഷം ദൈവത്തിന്റെ അരികിൽ നിന്നു അകന്നു പോകുവാൻ ദൈവം അവനെ അനുവദി ക്കുന്നു. എന്നിരുന്നാലും നാം കൂടുവിട്ട് അലഞ്ഞുതി രിയാതിരിക്കുവാൻ വേണ്ടി നമ്മെ മടക്കിക്കൊണ്ടു വരുവാൻ ദൈവം നമ്മെ പിൻതുടരുകയും ആവശ്യ മായ അടി നൽകുകയും ചെയ്യും. യഥാർത്ഥ ദൈവ പൈതൽ കർത്താവിനോടു ഏറ്റവും അടുത്ത ബന്ധം പുലർത്തുവാനായി വളരെ ശ്രദ്ധയും ജാഗ്രതയും പരിശീലിക്കേണ്ടതാണ്. പഴയ പ്രകൃതിയുടെ പ്രേ രണകൾക്ക് വഴങ്ങി കൊടുക്കുന്നത് ഭാവിയിലെ അതിനോടുള്ള കീഴടങ്ങലിനെ അനായാസമാക്കും എന്നു അനുഭവം നമ്മെ പഠിപ്പിക്കുന്നു.

സമർപ്പണത്തിൽ നാം യഹോവെക്കു പൂർണ്ണമായി സമർപ്പിച്ചതു മുതൽ നാം തന്റെ സംരക്ഷണയിൻ കീഴിലാണ്. നമ്മുടെ കാലഗതികൾ അവിടുത്തെ കൈയ്യിൽ താൻ കരുതുന്നു. അവിടെ നാം നമ്മുടെ സകലവും ദൈവത്തിനു നൽകി; നമ്മെ സ്വയം സമ ർപ്പിച്ചു. ജഡത്തിന്റെ ഇച്ഛകൾക്കു മരിച്ച് ദൈവ ത്തിന്റെ ഇച്ഛക്കായി ജീവിക്കുന്നു. അവിടെ പുതിയ ജീവിതം ആരംഭിച്ചു. എന്നാൽ നാം പറഞ്ഞതു പോലെ നമ്മുടെ സമർപ്പണത്തിന്റെ സമയത്തോ ടെയാണ് നാം പിതാവിന്റെ കരങ്ങളിലേക്കു വന്നു ചേരുന്നതെങ്കിലും നമ്മിൽ ചിലർ പിതാവിനോടു വ്യക്തിപരമായ സമർപ്പണം ചെയ്യുന്നതിനു മുൻപും തന്റെ കരങ്ങളിലായിരുന്നു. നമ്മിൽ ചിലർക്ക് സമ ർപ്പിതരായ മാതാപിതാക്കൾ ഉണ്ട്. അങ്ങനെയെ ങ്കിൽ ഇങ്ങനെയുള്ളവർ കുട്ടികളായിരിക്കുമ്പോൾ തന്നെ അവരുടെ കാലങ്ങളും താത്പര്യങ്ങളും ദൈ വത്തിന്റെ കരങ്ങളിൽ അവിടുത്തെ കരുതലിന്റെയും സംരക്ഷണയുടെയും മാർഗ്ഗനിർദ്ദേശത്തിന്റെയും കീഴിൽ കാക്കപ്പെടുന്നു.

മാതാപിതാക്കൾ മൂലം കുട്ടിയുടെ മേലുള്ള ഈ കരുതൽ ആ പൈതലിന്റെ ചെറു പ്രായത്തിൽ മാത്രമെ ഉണ്ടായിരിക്കുകയുള്ളു എന്നതിനു നാം ഊന്നൽ നൽകണം. അവൻ മാനസികമായ ഔചി ത്യബോധം സ്വായത്തമാക്കി കഴിഞ്ഞ് കർത്താവിനു വേണ്ടി വ്യക്തിപരമായ സ്വയസമർപ്പണം ചെയ്യുന്ന തിൽ പരാജയപ്പെടുന്ന പക്ഷം അവൻ നീതീകരിക്ക പ്പെട്ടവനായി ഇനിമേൽ ഒരിക്കലും എണ്ണപ്പെടുന്നതി യാലും ഇപ്പോഴത്തെ കാലത്തിലെ ഈ പ്രത്യേക വി ളിയിലേക്കുള്ള നമ്മുടെ പരിശീലനത്തിനായും, വി കാസത്തിനായും, തയ്യാറെടുപ്പിനായും ദൈവം ശ്രദ്ധ കൊടുത്തിരിക്കുന്നുവെന്നു നമുക്കു ഉറപ്പുണ്ട്. അവൻ ഇങ്ങനെ ചെയ്യുമെന്നു പ്രതിജ്ഞയെടുത്തിട്ടുമുണ്ട്. ഈ പ്രത്യേക അർത്ഥത്തിൽ നാം ദൈവത്തിനുള്ളവ രാകയാൽ "സകലവും നമുക്കുള്ളത്" എന്നു താൻ നമുക്ക് ഉറപ്പു നൽകുന്നു. 186-ാമത്തെ സ്തോത്രഗീ തത്തിലെ വാക്കുകളെ നാം ഉയർത്തിപ്പിടിക്കുന്നു. "എന്റെ കാലഗതികൾ നിന്റെ കൈയ്യിലാകുന്നു". എന്റെ ദൈവമേ, അവ അവിടെ ഉണ്ടാകേണമേ; എന്റെ പിതാവിന്റെ കരങ്ങൾ തന്റെ പൈതലിന്റെ അനാവശ്യമായ കണ്ണുനീരിനു കാരണമാകയില്ല.

സഹസ്രാബ്ദ രാജ്യത്തിലെ മഹത്തായ വേലയ്ക്കു വേണ്ടി നമ്മെ ഒരുക്കുന്നതിനായി നമ്മുടെ നന്മയ്ക്കും നമ്മെ ഒരുക്കുന്നതിനുമായി നമ്മുടെ ജീവിതത്തിലെ സകല വിഷയങ്ങളെയും പിതാവു ക്രമീകരിക്കും. നമ്മുടെ കാലഗതികൾ മുഴുവനായും നമ്മുടെ പിടിയിൽ അല്ല എന്നോ, നമ്മുടെ നിയന്ത്രണത്തിനു അപ്പുറമാണെന്നോ ഇത് അർത്ഥമാക്കുന്നില്ല. നമ്മെ നമ്മുടെ ഭാഗധേയത്തിന്റെ വളരെ വലിയ ഭരണക ർത്താക്കളായി വെച്ചിരിക്കുന്നു. കർത്താവു നമ്മുടെ ഇച്ഛയെ നിർബന്ധിക്കുകയോ ബലാൽക്കാരമായി അനുസരിപ്പിക്കുകയോ ചെയ്യുന്നില്ല. നാം തന്റേതാ യതിനു ശേഷം തന്റെ ഇഷ്ടത്തിനനുസരിച്ച് ആഗ്രഹി ക്കുവാനും പ്രവർത്തിക്കുവാനും അവിടുന്ന് നമ്മെ പ്രാപ്തരാക്കുന്നു, എങ്കിലും ആ അവകാശം നമുക്കു വിട്ടു തരുന്നു. നാം നമ്മുടെ സമർപ്പണ ഉടമ്പടിയോടു എത്രത്തോളം വിശ്വസ്തരായിരിക്കുന്നുവോ, നമുക്ക് തന്റെ മേൽ എത്രത്തോളം പ്രത്യാശയുണ്ടോ അത്ര ത്തോളം നമ്മുടെ കാലഗതികൾ അവിടുത്തെ കൈക ളിലായിരിക്കും. എപ്പോഴെങ്കിലും നമ്മെ നടത്തുവാൻ നമ്മുടെ സ്വന്ത ഇച്ഛയെ അനുവദിക്കുകയോ പിതാ വിന്റെ ഇച്ഛയെ പൂർണ്ണമായി അനുസരിക്കാതെയും സന്തോഷപൂർണ്ണമായി യോജിക്കാതെയും ചെറിയ അളവിലെങ്കിലും എതിർപ്പിന്റെ ആത്മാവിനു നാം വഴങ്ങി കൊടുക്കുകയും ചെയ്യുന്നുവെങ്കിൽ അത്ര ത്തോളം നാം അവിടുത്തെ കരങ്ങളിൽ നിന്നും നമ്മെ തിരിച്ചെടുക്കുകയാണ്. തത്ഫലമായി നമ്മുടെ ആത്മാവ് നഷ്ടമാവുകയും, അതേ അളവിൽ പിതാവി ന്റെ പുഞ്ചിരി നമ്മിൽ നിന്നു മറയ്ക്കപ്പെടുകയും ചെയ്യും.

നോ, പ്രത്യേകമായ സ്വർഗ്ഗീയ മാർഗ്ഗനിർദ്ദേശത്തിനും കരുതലിനും കീഴിൽ അവനായിരിക്കുവാനോ സാധ്യമല്ല. അവൻ ദൈവത്തിന്റെ കരങ്ങളിൽ അവനെ പ്രതിഷ്ഠിക്കുവാൻ പരാജയപ്പെടുകയും ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ അവനെ സ്വയം ആക്കിവെക്കുവാൻ പരാജയപ്പെടുകയും ചെയ്യുന്നതിനാൽ കർത്താവ് പരിപാലകനും ഉപദേഷ്ടാവും ആയിരിക്കുവാൻ അവൻ ആഗ്രഹിക്കുന്നില്ല.

"കരം" എന്ന പദത്തിനു ഇവിടെ മനോഹരമായ അർത്ഥമാണുള്ളത്. നമ്മുടെ ശരീരത്തിലെ ഏറ്റവും നൈപുണ്യവും മനോഹരവുമായ അവയവങ്ങളിൽ ഒന്നാണ് കരം. നമ്മുടെ കൈകളെ എണ്ണമറ്റ രീതികളിൽ നമുക്ക് ഉപയോഗിക്കുവാനാകും. നമ്മുടെ വിരലുകൾ കൊണ്ട് നമുക്ക് പിടിക്കുവാനും, ഏറ്റവും ചാതുര്യത്തോടെ മൃദുവായും കലാപരവുമായി സ്പർശിക്കുവാനും ആകും. നമ്മുടെ കൈ നാം നിർവ്വഹിക്കുന്ന ശുശ്രൂഷകളോടു ബന്ധപ്പെട്ടിരിക്കുന്നു. ആയതിനാൽ തിരുവെഴുത്തുകൾ ദൈവത്തിന്റെ കൈയ്യെക്കുറിച്ച് സംസാരിക്കുമ്പോൾ ആ പ്രയോഗം വളരെ അർത്ഥവത്തായി മാറുന്നു. "തന്റെ ഉള്ളം കൈകൊണ്ട് വെള്ളം അളക്കുന്നവനായി" യഹോവയെ ചിത്രീകരിച്ചിരിക്കുന്നു. ഇത്തരം പ്രയോഗങ്ങൾ സർവ്വശക്തനായ ദൈവത്തിന്റെ മഹത്തായ കഴിവിനെയും ശക്തിയെയും പ്രതാപത്തെയും കാണിക്കുന്നു. അവിടുന്ന് തന്റെ മക്കളോടു ഇങ്ങനെ പറയുന്നു "... ഞാൻ നിന്നെ മറക്കുകയില്ല. ഇതാ ഞാൻ നിന്നെ എന്റെ ഉള്ളം കൈയ്യിൽ വരച്ചിരിക്കുന്നു" (യെശ. 49:16 Rotherham). നമ്മുടെ കാലങ്ങളാകട്ടെ താത്പര്യങ്ങളാകട്ടെ നമ്മെ സംബന്ധിച്ച സകലവും പിതാവിന്റെ കരങ്ങളിലാണ്. നമുക്കു നേരെ ദൈവത്തിന്റെ ശക്തിയും പ്രാപ്തിയും നിരന്തരം അഭ്യസിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന ഉറപ്പ് ദൈവത്തിന്റെ വിശുദ്ധന്മാർക്ക് ആശ്വാസം നിറഞ്ഞതും വളരെ പ്രാധാന്യം വഹിക്കുന്നതുമാണ്. കൂടാതെ ഓരോ സാഹചര്യങ്ങളെയും ഓരോ അനുഭവങ്ങളെയും അവിടുന്ന് പൂർണ്ണമായി എങ്ങനെ നിയന്ത്രിക്കുന്നു എന്നു കാണിച്ചു തരികയും ചെയ്യുന്നു. അതെ, നാം ദൈവത്താൽ ആകർഷിക്കപ്പെട്ടവരാണ് എന്നതിനു നിരവധി തെളിവുകൾ ഉണ്ട്.

ഈ ലേഖനത്തിൽ മുൻപു സൂചിപ്പിച്ചതു പോലെ സുവിശേഷയുഗ സന്ദേശത്തിലൂടെ യഹോവ പ്രത്യേക ഗണങ്ങളെ ക്ഷണിച്ചിരിക്കുന്നു. ഇപ്പോഴത്തെ ദുഷ്ടസ്ഥിതിയാൽ അസംതൃപ്തരായ എന്നാൽ ദൈവപ്രീതിയിലേക്കു വരുവാൻ വാഞ്ചിക്കുന്നവരുമായ ഒരു ഗണത്തിന്റെ സാന്നിദ്ധ്യത്തെ ഈ ക്ഷണിക്കൽ സൂചിപ്പിക്കുന്നു. അപ്പൊസ്തലൻ പറയുന്നതുപോലെ, "അവർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നുവെച്ച്... (അപ്പൊ. 17:27) തിരയുന്നു. ദൈവത്തെ അനുഗമിക്കുകയും, പാപത്തിനെതിരെ പോരാടുകയും ചെയ്യുവരെ മാത്രമാണ് സുവിശേഷയുഗത്തിൽ വിശാലമായ അർത്ഥത്തിൽ താൻ ക്ഷണിച്ചത്. സ്വയം സംതൃപ്തിപ്പെട്ടിരുന്നവരെ ക്ഷണിച്ചില്ല. പാപത്തിൽ നിന്നും ദൂരെമാറി ദൈവത്തിലേക്കു ആകർഷിക്കപ്പെട്ടു അടുത്തുവരുന്നവർക്കായി ഒരുക്കിയിട്ടുള്ളതാണ് ബൈബിളിലെ സകല വാഗ്ദത്തങ്ങളും.

ലോകത്തിൽ നിന്നും വിളിച്ചു വേർതിരിക്കപ്പെട്ട അഞ്ച് സഹസ്രാബ്ദ പൂർവ്വ സമർപ്പിതഗണങ്ങളുമായി ഇടപെടുന്നതിൽ ദൈവത്തിനു വിവിധ തരത്തിലുള്ള പ്രവർത്തന രീതികളുണ്ട്. ഇവയിൽ നാലു ഗണങ്ങളുടെ വിളി ഇപ്പോൾ പൂർത്തിയായിരിക്കുന്നു. പുരാതന കാലത്ത് ദൈവം പ്രവാചകന്മാരിലൂടെ സംസാരിച്ചു. ശേഷമുള്ള കാലങ്ങളിൽ അവിടുന്ന് തന്റെ പുത്രനിലൂടെയും അപ്പൊസ്തലന്മാരിലൂടെയും സംസാരിച്ചു. ദൈവം സകല മനുഷ്യരാശിയോടും സംസാരിക്കുന്നു എന്നു പറയുന്നതിൽ വളരെ വലിയ അർത്ഥമാണുള്ളത്. എന്നാൽ അത് ഏതെങ്കിലും വിശേഷമായ രീതിയിലുള്ളതല്ല; ദൈവം നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ പെയ്യിക്കുകയും നല്ലവരുടെ മേലും ദുഷ്ടന്മാരുടെ മേലും തന്റെ സൂര്യനെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. "പകൽ പകലിനു വാക്കു പൊഴിക്കുന്നു; രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു". സമർപ്പിതരല്ലാത്ത ലോകത്തിനു "ജീവന്റെ ഈ അത്ഭുതകരമായ വാക്കുകൾ" അവ്യക്തവും അധികം കേൾക്കപ്പെടാത്തതുമായിരിക്കും. എന്നാൽ "അവളെ വിട്ടുപോരുവിൻ" (വെളി. 18:4) എന്നു ഉത്ബോധിക്കപ്പെട്ട് വിളിക്കപ്പെട്ടവർക്ക് ഇതു തികച്ചും വ്യത്യസ്ഥമായിരിക്കും. ദൈവപുത്രന്റെയും അപ്പൊസ്തലന്മാരുടെയും വാക്കുകളിൽ നിന്നും ദൈവം നീതിയിലും, ജ്ഞാനത്തിലും, സ്നേഹത്തിലും, ശക്തിയിലും പൂർണ്ണനാണെന്നു വ്യക്തവും ചുരുക്കവുമായ വാക്കുകൾ ലഭിച്ചിട്ടുണ്ട്. സ്രഷ്ടാവിന്റെ സ്വഭാവം ഒരുവൻ തിരിച്ചറിയുന്ന അളവിനു ആനുപാ

തികമായി അവിടുത്തെ പദ്ധതികളും ലക്ഷ്യങ്ങളും അവൻ മനസ്സിലാക്കുവാൻ ഇടവരും.

**യഹോവ തന്റെ വചനത്തിലൂടെ സഹായിക്കുന്നു**

പുരാതന കാലത്ത് "മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചു സംസാരിച്ചു എന്നു പുതിയ നിയമം നമ്മോടു പറയുന്നു (2 പത്രൊ. 1:21). നമ്മുടെ കർത്താവായ യേശുവും തന്റെ അപ്പൊസ്തലന്മാരും സമാനരീതിയിൽ തന്നെയാണ് സംസാരിച്ചത്. തത്ഫലമായി പ്രവാചകന്മാരുടെയും അപ്പൊസ്തലന്മാരുടെയും സുവിശേഷകന്മാരായ മർക്കൊസും ലൂക്കൊസും യഥാക്രമം പത്രൊസിനും പൗലൊസിനും എഴുതിയ എഴുത്തുകളിലൂടെയും ദൈവവെളിപാട് പൂർണ്ണ അളവിൽ നമുക്കു ലഭ്യമാണ്. ദൈവത്തിന്റെ മനുഷ്യൻ സകലത്തിലും തികഞ്ഞവനാകേണ്ടതിനു ദൈവവചനം മതിയായതാണ് (2 തിമൊ. 3:16,17). പെന്തക്കൊസ്തിൽ ദൈവാത്മാവു കർത്താവിന്റെ ജനങ്ങളുടെ മേൽ വന്നപ്പോൾ അതു ദൈവത്തിന്റെ ആഴമേറിയ കാര്യങ്ങളെ കുറിച്ചു അറിയുവാൻ അവരെ പ്രാപ്തരാക്കി. അത് വചനത്തെ ഒരു രീതിയിലും മാറ്റി നിർത്തിയില്ല. മറിച്ച്, പ്രസക്തമായ തിരുവെഴുത്തുകൾ മനസിലാക്കേണ്ടതായ തക്കസമയമായപ്പോൾ ദൈവജനം അതു മനസിലാക്കുവാൻ വേണ്ടി അവരുടെ അറിവിനെ ഉത്തേജിപ്പിച്ചു.

ഉചിതമായ സമയം വരുമ്പോൾ ദൈവജനത്തിനു ഉപയോഗിക്കുവാനായി ഏറെക്കാലം മുൻപു ക്രമീകരിച്ചിരിക്കുന്ന നിർദ്ദേശങ്ങളുടെ ഒരു മഹാനിക്ഷേപം തന്നെ ദൈവത്തിനുണ്ടെന്നു നാം കാണുന്നു. നാം ദൈവത്തോടു ഐക്യത്തിൽ എത്തിച്ചേരുമ്പോൾ, അവിടുന്ന് തന്റെ ജനത്തിനായി ഒരുക്കിയിരിക്കുന്ന അനുഗ്രഹങ്ങളെ എങ്ങനെ കരസ്ഥമാക്കാം എന്ന ശരിയായ ധാരണയിലേക്കു നമ്മെ താൻ നയിക്കുന്നു. പരിശുദ്ധാത്മാവു വരുമ്പോൾ അതു തന്റെ സഭയെ സകല സത്യത്തിലും വഴിനടത്തും എന്ന കർത്താവിന്റെ പ്രഖ്യാപനത്തെ ഈ പ്രസ്താവന വിസ്മരിക്കുന്നില്ല (യോഹ. 16:13). അപ്പൊസ്തലന്മാരുടെ മരണം മുതൽ നമ്മുടെ ബുദ്ധിയുപദേശത്തിനായിട്ടു കാലങ്ങൾക്കു മുമ്പെ എഴുതിയിരിക്കുന്ന കാര്യങ്ങളെ മനസിലാക്കുവാൻ ആത്മാവുള്ളവരെ അതു പ്രാപ്തരാക്കി മാറ്റുന്നു (റോമ. 15:4; 1 കൊരി. 10:11). ആയതിനാൽ ആത്മാവിനാൽ പ്രകാശിതരായിരിക്കുന്ന നാം പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, വീതിയും നീളവും ഉയരവും ആഴവും എന്തെന്നു ഗ്രഹിപ്പാനും പ്രാപ്തരാവുകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും ചെയ്യേണ്ടതിനു നമ്മുടെ അറിവിന്റെ വ്യക്തതയ്ക്കായി ആഗ്രഹിക്കുകയും ചെയ്യണം (എഫെ. 3:17-19).

ദൈവവചനത്തെ വിലമതിക്കുവാൻ നമ്മുടെ മനസുകളെ പ്രകാശിപ്പിക്കുന്നതിനും നമ്മുടെ അറിവിനെ വ്യക്തമാക്കുന്നതിനും ഉള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സ്വാധീനം സംബന്ധിച്ചും ജഡത്തിന്റെ ബലഹീനതകൾക്കെതിരെയുള്ള പോരാട്ടത്തിൽ ഈ ജ്ഞാനം മുഴു ജീവിതത്തെയും എങ്ങനെ ബാധിക്കുന്നു എന്നതു സംബന്ധിച്ച് അറിയുവാനും ദൈവം തന്റെ ജനത്തിന്റെ പുതിയ ഇച്ഛയുടെയും പുതിയ ഹൃദയത്തിന്റെയും വഴിയിലൂടെ അവരിൽ പ്രവർത്തിക്കുന്നു എന്നും പാതയുടെ അന്ത്യത്തോളം വിശ്വാസത്തിന്റെ നല്ലപോർ പൊരുതുവാൻ അവരെ പ്രാപ്തരാക്കേണ്ടതിനു അവിടുന്നു അവർക്കു പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട് എന്നും നാം മനസിലാക്കുന്നു. അഥവാ അപ്പൊസ്തലനായ പത്രൊസ് പറയുന്നതുപോലെ നാം ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ദൈവം നമുക്ക് വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളെ നൽകിയിരിക്കുന്നു (2 പത്രൊ. 1:4). ഈ വാഗ്ദത്തെക്കുറിച്ചുള്ള കേവലമായ വായന അത്ര വലിയ അനുഗ്രഹം നമുക്കു നൽകിത്തരികയില്ല. ഉയരത്തിലുള്ളതിനായി നാം നമ്മുടെ ഹൃദയത്തെയും താത്പര്യത്തെയും തയ്യാറാക്കണം (കൊലൊ. 3:1,2). അവയെ നാം കൃത്യമായി മനസിലാക്കിയാൽ ഈ വാഗ്ദത്തങ്ങളോടു ബന്ധപ്പെട്ടിരിക്കുന്ന വ്യവസ്ഥകളോട് നമ്മുടെ ജീവിതങ്ങളെ അനുരൂപമാക്കുവാൻ നാം അവയാൽ നയിക്കപ്പെടുന്നു.




സ്വഭാവത്തിന്റെ ഈ വികാസം ദൈവത്തിനു അപ്രീതിയായിരിക്കുന്ന കാര്യങ്ങളെ ഉപേക്ഷിക്കുക എന്ന ഫലം നമ്മിൽ ഉളവാക്കുന്നു. കൂടാതെ, അപ്പൊസ്തലന്മാ

ർ സൂചിപ്പിക്കുന്നതുപോലെ വിശ്വാസത്തോടു വീര്യവും, പരിജ്ഞാനവും, ഇന്ദ്രിയജയവും, സ്ഥിരതയും, ഭക്തിയും, സഹോദരപ്രീതിയും, സ്നേഹവും കൂട്ടിക്കൊൾവാൻ നാം പഠിക്കുന്നു. ഇവ നാം ചെയ്യുകയാണെങ്കിൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവശനം ധാരാളമായി പ്രാപിക്കും (2 പത്രൊ. 1:5-11). നമ്മുടെ ഹൃദയങ്ങളിലും ജീവിതത്തിലും നിയന്ത്രണം നടത്തുവാൻ തിരുവെഴുത്തുകളിലെ വാഗ്ദത്തങ്ങളെ അനുവദിക്കുവാനുള്ള അവകാശം നമ്മുടേതാണ്. "സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമെ; നിന്റെ വചനം സത്യമാകുന്നു" എന്നു നമ്മുടെ കർത്താവു പ്രാർത്ഥിക്കുന്നു (യോഹ. 17:17). നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുന്ന ശക്തി ഇതുതന്നെ.

അങ്ങനെയെങ്കിൽ ഒരു ചോദ്യം ഉയർന്നേക്കാം, "നാം ഒരിക്കലും സ്വയമായി കീഴടക്കിയിട്ടില്ലാത്ത ജഡത്തിന്റെ ചില ബലഹീനതകളെ കീഴടക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതിനു വചനത്തിൽ നിന്നും അല്ലാതെ ഏതെങ്കിലും സ്വാധീനങ്ങൾ ദൈവം നമ്മിൽ ചെലുത്തുന്നുണ്ടോ?" നാം ഒരു പ്രത്യേക രീതിയിലൂടെ നമ്മുടെ ഗതി തുടരുന്ന പക്ഷം നമുക്കൊരിക്കലും ജയാളിയാകുവാൻ കഴിയില്ല എന്നു ദൈവം കാണുന്നുവെങ്കിൽ, നാം ദൈവത്തിൽ വിശ്വാസമർപ്പിക്കുന്നവരാകയാൽ, ദൈവം നമുക്ക് ആവശ്യമായ സഹായം നൽകിത്തരും. എന്നാൽ പുറമെ നിന്ന് യാതൊരു സഹായവും കൂടാതെ നമുക്ക് കീഴടക്കുവാനാകും എന്ന് താൻ തിരിച്ചറിയുകയാണെങ്കിൽ "എന്റെ കൃപ നിനക്കു മതി" – നീ സ്വയം പോരാടുക എന്ന് ദൈവം പറയും. അങ്ങനെ പോരാടുന്നവർ മഹത്തായ അനുഗ്രഹത്തിനു പ്രാപ്തരാവുകയും കർത്താവിൽ ശക്തരായിത്തീരുകയും ചെയ്യും. നമ്മുടെ ബലഹീനതകളെ കീഴടക്കുന്നതിനു നാം ദിവ്യസഹായം എപ്പോഴും തേടേണ്ടതായിട്ടുണ്ട്. ആവശ്യസമയങ്ങളിൽ വേണ്ടുന്ന കൃപ നൽകിത്തരുവാൻ നാം കർത്താവിനോടു അപേക്ഷിക്കണം. ഇത്തരം സഹായങ്ങൾ വചനത്തിൽ നിന്നോ അഥവാ ദൂതന്മാരുടെ സഹായത്താലോ അല്ലെങ്കിൽ കർത്താവു തിരഞ്ഞെടുക്കുന്ന മറ്റേതു രീതിയിലോ നമുക്കു എത്തിച്ചുതരും. കൃപയിലും അറിവിലും സകലത്തിനും ക്രിസ്തുവിനു പോലും ശിരസ്സായിരിക്കുന്നവനിലേക്കു വളരുവാൻ നമ്മോടു നിർദ്ദേശിച്ചിരിക്കുന്നു.




കർത്താവു നമുക്കൊരുക്കിയിരിക്കുന്ന വെളിച്ചത്തിലേക്കു നമുക്കു ഒന്നിച്ചു ചേരാം. പറൂസ്യാ എപ്പിഫനി എഴുത്തുകളിൽ നിന്നായിരിക്കണം നാം എന്നും പങ്കുകൊള്ളേണ്ടത്. ഇപ്പോഴുള്ള നമ്മുടെ വേലയ്ക്കായി യഥാകാലമായ സത്യം നമുക്കു ആവശ്യമാണ്. നമുക്കു പറൂസ്യാ എഴുത്തുകളെ നമ്മുടെ പശ്ചാത്തലമായും എപ്പിഫനി എഴുത്തുകളെ നമ്മുടെ യഥാകാല സത്യമായും ആവശ്യമാണ്. ഈ കാലത്തിലെ വേലയ്ക്കായി യഥാകാല സത്യം നമ്മെ ഒരുക്കുന്നു. നമുക്കു അടുത്തു വന്നു വ്യക്തിഗതമായും മറ്റുള്ളവരുടെ കൂടെ കൂട്ടമായും സത്യം പഠിക്കാം. വ്യക്തിഗതമായി നമുക്കു പറൂസിയ എപ്പിഫനി സത്യങ്ങളിൽ നിന്നും കൂട്ടമായി നമ്മുടെ മൂപ്പൻമാരിൽ നിന്നും സഹോദരന്മാരിൽ നിന്നും പഠിക്കാം. മറ്റു കഴുക്കളുടെ കൂടെ നമുക്കും ശവം ഭക്ഷണമാക്കാം, "ശവം ഉള്ളേടത്തു കഴുക്കൾ കൂടും" (മത്താ. 24:28).

## എങ്ങനെ പറക്കേണമെന്നു ദൈവം നമ്മെ പഠിപ്പിക്കുന്നു

നമ്മെ പറക്കുവാൻ പഠിപ്പിക്കുന്ന വലിയ ഗുരുവായ കഴുകൻ ദൈവമാണ് എന്നറിയുന്നത് ദൈവത്തിന്റെ സമർപ്പിത മക്കൾ എന്ന നിലയിൽ നമുക്കു എത്ര അനുഗ്രഹീതമാണ്! യെശ. 40:28-31; വാക്യം 28 "നിനക്കറിഞ്ഞുകൂടയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ; അവൻ ക്ഷീണിക്കുന്നില്ല; തളർന്നു പോകുന്നതുമില്ല". ആ വലിയ കഴുകൻ എങ്ങനെ പറക്കേണമെന്നു നമ്മെ പഠിപ്പിക്കുന്നു. അവിടുന്ന് സ്വയം തന്നെത്തന്നെ ഒരു കഴുകനോടു താരതമ്യപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു നാം ദൈവത്തെപ്പറ്റി ഇങ്ങനെ

സംസാരിക്കുന്നു. എങ്ങനെ പറക്കേണമെന്നു അവിടുന്ന് നമ്മെ പഠിപ്പിക്കുന്നു. എങ്ങനെ പറക്കേണമെന്നു പഠിപ്പിച്ച അദ്ധ്യാപകനു എങ്ങനെ ക്ഷീണിച്ചിരിക്കുവാനും തളർന്നുപോകുവാനും കഴിയും? ഹോ, അവിടുന്ന് ക്ഷീണിക്കുന്നില്ല, തളർന്നു പോകുന്നതുമില്ല. തന്റെ ബുദ്ധി അപ്രമേയമത്രെ. നമുക്കൊരിക്കലും അവിടുത്തെ ജ്ഞാനത്തിന്റെ പൂർണ്ണതയും ആഴവും അളക്കാനാവില്ല. വാക്യം 29, "അവൻ ക്ഷീണിച്ചിരിക്കുന്നവനു ശക്തി നൽകുന്നു; ബലമില്ലാത്തവനു ബലം വർദ്ധിപ്പിക്കുന്നു".

ദൈവത്തിൽ നിന്നു ശക്തി സ്വീകരിക്കാത്തവരെക്കുറിച്ചു ഇങ്ങനെ പറയുന്നു, വാക്യം 30 "ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകും [ഈ ലോകത്തിലെ മനുഷ്യർ അവരുടെ പൂർണ്ണ ശക്തിയിൽ പോലും ക്ഷീണിച്ചു തളർന്നു പോകും] യൗവ്വനക്കാർ ഇടറി വീഴും". ശക്തരായവർ വരെ വീണുപോകും. ഇപ്പോൾ ഭൂമിയിലെ അവസ്ഥ കണ്ടു ഈ ലോകത്തിലെ ശക്തരായവർ പോലും വിറയ്ക്കുന്നു. അവരിൽ പലരും പരാജയം സമ്മതിക്കുന്നു; ഞങ്ങൾക്കു എങ്ങനെ ഈ പ്രശ്നം പരിഹരിക്കുവാനാകുമെന്നു അവർ പറയുന്നു!

31-ാം വാക്യം "എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും" [ആത്മാവ് ഉത്സാഹിക്കപ്പെടുകയും നാം ശക്തി പുതുക്കുകയും ചെയ്യും]; "അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കയും ചെയ്യും". അതെ, കഴുകന്മാരെപ്പോലെ അവർ ശക്തിയെ പുതുക്കും. അതിനു വേണ്ടിയാണ് ശവമുള്ള ഇവിടെ ശക്തി പുതുക്കുവാനായി നാം എത്തിയിരിക്കുന്നത്. നാം പരിശോധനകളെ സഹിക്കുമ്പോൾ ദിനംപ്രതി കർത്താവു നമ്മുടെ ശക്തിയെ പുതുക്കി തരുന്നു. പരിശോധിക്കപ്പെടാതെ ശക്തി അംഗീകരിക്കാനാകില്ല. അതുകൊണ്ടാണ് ദൈവം നമ്മുടെ ശക്തിയെ പരിശോധിക്കുന്നത്. അതിനാലാണ് ദൈവം നമുക്കു പരീക്ഷകൾ അനുവദിക്കുന്നത്. നാം കഴുക്കളെപ്പോലെ ശക്തി പുതുക്കുന്നതിനു വേണ്ടിയും നമ്മുടെ പരീക്ഷകളിൽ നാം ജയം പ്രാപിക്കുന്നതിനു വേണ്ടിയും ആണ് അവിടുന്ന് ശക്തി നൽകുന്നത്. കൂടാതെ "എന്റെ ശക്തി നിനക്കു മതി" എന്നു കർത്താവു ഉറപ്പു നൽകുന്നു.

ശവമുള്ളിടത്തേക്കു ആകർഷിക്കപ്പെടുന്ന കഴുകന്റെ ചിത്രം ഒരു കാന്തം കൊണ്ടും ചിത്രീകരിക്കുവാനാകും. നിരവധിപ്പേർ അനുഭവിച്ച പിതാവിന്റെ ആകർഷണം സ്വാഭാവിക മനുഷ്യന്റെ അതേ രീതിയിലുള്ള മനുഷ്യമനസ്സിന്റെ ആകർഷണമായി തോന്നുന്നു. അത് അമാനുഷികമായ ഒന്നല്ല. അങ്ങനെ ഒരാശയത്തിനു തിരുവെഴുത്തുകൾ വഴി തുറക്കുന്നില്ല. വിശദീകരിച്ചു പറഞ്ഞാൽ : ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചപ്പോൾ അവൻ തന്റെ സ്രഷ്ടാവിനെ സ്വാഭാവികമായും സ്നേഹിക്കും. സ്വാഭാവികമായും ദൈവത്തോടു അനുസരണമുള്ളവനായിരിക്കുവാനും ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും അവൻ ആഗ്രഹിക്കും. നിർമ്മലമായ അവസ്ഥ അതായത് സ്വാഭാവികമായ അവസ്ഥയുള്ളതിനാൽ ഈ പ്രേരണകൾ സ്വാഭാവികമായി അവനിൽ ഉണ്ടായിരുന്നു. മനുഷ്യനെ അസ്വാഭാവികമാക്കി മാറ്റിയത് പാപമാണ്. എന്നാൽ പാപം കടന്നുവന്ന് ദൈവം നൽകിയ യഥാർത്ഥ സ്വഭാവത്തെ വഷളാക്കിയതിനു ശേഷവും മനുഷ്യഹൃദയത്തിൽ ദൈവത്തോടുള്ള ചില വാഞ്ചകൾ നാം കാണുന്നു.

സകല മനുഷ്യരും ദൈവത്തിന്റെ സാദൃശ്യത്തിൽ നിന്നു അധഃപതിച്ചു പോയി. എന്നാൽ ആരാധിക്കുവാനുള്ള താത്പര്യം, നീതിയോടുള്ള താത്പര്യം, ദൈവത്തോടു ഇണങ്ങി ജീവിക്കുവാനുള്ള താത്പര്യം തുടങ്ങി ദൈവത്തിന്റെ സ്വരൂപത്തിന്റെ ചില അടയാളങ്ങൾ മനുഷ്യരിൽ ഇന്ന് ശേഷിക്കുന്നു. ചിലർക്ക് മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥമായി അവരുടെ ഹൃദയങ്ങളിൽ നിന്നും ദൈവസാദൃശ്യം കുറച്ചുമാത്രമായിരിക്കും തുടച്ചു മാറ്റപ്പെട്ടിട്ടുള്ളത്. മനുഷ്യനെ അവന്റെ സ്രഷ്ടാവിന്റെ അടുക്കലേക്ക് ആകർഷിക്കുന്ന ഹൃദയത്തിന്റെ ഈ നിലയായ ഈ സ്വാഭാവികമായ പ്രേരണയായിരിക്കും മനുഷ്യനു ദൈവം നൽകിയിരിക്കുന്ന യഥാർത്ഥ ദാനം. അതുകൊണ്ട് ഇപ്പോഴും നിലനിൽക്കുന്ന ഈ പ്രേരണ മതിയായ ശക്തിയുള്ളതാണെങ്കിൽ അതിനെ പിതാവിന്റെ ആകർഷണമെന്നു ഉചിതമായി വിളിക്കാം. ഈ ഗുണങ്ങൾ അവരെ ദൈവത്തിലേക്കു ആകർഷിക്കുകയോ ചായ്ക്കുകയോ ചെയ്യുന്നു. ദൈവമില്ലാതെ ആനന്ദമില്ല എന്നു അവർക്കു തോന്നുന്നു. ഇതാണ് ആകർഷണത്തിന്റെ സ്വാധീനം.

## നീതിയെ സ്നേഹിക്കുന്നവർക്കു ദൈവം ഒരു കാന്തമായിരിക്കുന്നു

നീതിയെ സ്നേഹിക്കുന്ന ഏവരേയും തന്നിലേക്ക് ആകർഷിക്കുന്ന ഒരു കാന്തമായാണ് ദൈവം പ്ര

ആദാമ്യശാപത്തിൽ നിന്നു നമ്മെ മോചിപ്പിക്കുവാനായി നമുക്കുവേണ്ടി മരിച്ചവനും നാം വിശ്വാസത്താൽ സ്വീകരിച്ചവനുമായ നമ്മുടെ രക്ഷിതാവായ യേശുവിലൂടെ ദൈവത്തോടു ഐക്യതയിലേക്കും കൂട്ടായ്മയിലേക്കും മടങ്ങിവരുവാൻ നമ്മിൽ നല്ല വാഞ്ഛയായി പ്രവർത്തിച്ച തന്റെ പരിശുദ്ധാത്മാവിനാൽ ദൈവം ആദ്യം നമ്മിൽ പ്രവർത്തിക്കുന്നു (റോമ. 5:1; 8:1). ഈ വിശ്വാസ-നീതീകരണാവസ്ഥയിൽ നമ്മുടെ ശരീരങ്ങളെ ദൈവത്തിന്റെ ശുശ്രൂഷയ്ക്കായി ദൈവത്തിനായി കാഴ്ച വയ്ക്കുവാൻ നാം ക്ഷണിക്കപ്പെടുന്നു (റോമ. 12:1). യേശുവിന്റെ മറുവിലയുടെ പുണ്യം നമുക്കുവേണ്ടിക്കൂടെ കണക്കിടപ്പെട്ടിരിക്കുന്നതിനാൽ ഇവർ സ്വീകാര്യയോഗ്യരാണ്. യഹോവ നമ്മുടെ ഉടമ്പടി ദൈവവും നാം തന്റെ മക്കളും ആകുന്നു. നാം നമ്മെ ദൈവത്തിനു സമർപ്പിക്കുന്നതുവരെ നാം തന്റെ മക്കൾ അല്ല.

നമ്മുടെ താത്പര്യങ്ങൾ എല്ലാം പൂർണ്ണമായും കർത്താവിന്റെ കൈകളിലാണ് എന്ന ചിന്തയോടെയും, നമ്മെ താൻ ആദരവോടും ബുദ്ധിയോടും ധാരാളമായ സ്നേഹത്തോടും കൂടെ നമുക്കുവേണ്ടി കരുതുകയും ചെയ്യും എന്ന ചിന്തയോടെയും (യോഹ. 16:27; 1 പത്രൊ. 5:7) നാം ദൈവത്തെ സ്നേഹിക്കുന്നതിനാലും, നാം തന്റെ ലക്ഷ്യത്തിനായി വിളിക്കപ്പെട്ടവരായതിനാലും, അവിടുന്ന് സകലവും നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുമെന്നുള്ള വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയത്തോടെ നമുക്ക് പുതുവർഷത്തിലേക്കു പ്രവേശിക്കാം. ഈ വർഷം എന്തെല്ലാം സംഭവങ്ങളിലൂടെയും നമ്മെ കൊണ്ടുപോയാലും നമുക്കു ചിന്തിക്കുവാനോ ആഗ്രഹിക്കുവാനോ കഴിയുന്നതിലും മികച്ച രീതിയിൽ നമ്മുടെ കാര്യങ്ങളെ അവിടുന്ന് നയിക്കും എന്നുള്ള ചിന്തയിൽ നമുക്കു ആശ്രയിക്കാം. പുതുവർഷത്തിലേക്കു പ്രവേശിക്കുന്ന നമുക്കു ഈ ചിന്ത ഉറപ്പും, സമാധാനവും, സന്തോഷവും നൽകുന്നു. അത്തരം ഒരു മനോഭാവം ദൈവത്തെയും ദൈവത്തിനുള്ളതിനേയും ദൈവത്തെ സന്തുഷ്ടനാക്കുന്ന എല്ലാറ്റിനെയും അധികമധികമായി സ്നേഹിക്കുന്നതിനു കാരണമാകും. ദൈവത്തിന്റെ ഈ മഹത്തരമായ പദ്ധതിയിൽ നാം തന്നോടുകൂടെ യോജിച്ച് പ്രവർത്തിക്കുമ്പോൾ അത്തരം ഒരു സ്വഭാവം തിരിച്ചറിയുന്നതിൽ നാം വളരെയധികം പുരോഗതി കൈവരിക്കട്ടെ.

തിനിധീകരിക്കപ്പെടുന്നത്. നാം ക്രിസ്ത്യാനി ആകുന്നതിനു മുൻപ് തന്നെ ദൈവം നമ്മെ അവങ്കലേക്ക് ആകർഷിച്ചു. നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ സത്യവും നീതിയുമാണ് കാന്തങ്ങൾ. ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും ആദിയിൽ സൃഷ്ടിച്ച മനുഷ്യനിൽ ഈ സാദൃശ്യവും സ്വരൂപവും ഒരളവിലെങ്കിലും ഇപ്പോഴും അവശേഷിക്കുന്നു. സ്വാഭാവിക മനുഷ്യൻ നീതിയെയും സത്യത്തെയും ദയയെയും എത്രത്തോളം സ്നേഹിക്കുന്നുവോ, അവന് അത്രത്തോളം നീതിയുടെയും ന്യായത്തിന്റെയും ദയയുടെയും സത്യത്തിന്റെയും കേന്ദ്രമായ ദൈവത്താൽ അംഗീകരിക്കപ്പെട്ട എന്തോ ഒന്ന് ഉണ്ട്.

ചിലരുടെ മേലുള്ള കാന്തത്തിന്റെ ആകർഷണശക്തിയുടെ സ്വാധീനം വളരെ കുറവായിരുന്നതിനാൽ അവർ താഴ്ചയിലേക്കു വീണുപോയി. വീഴ്ചഭവിച്ച നമ്മുടെ മനുഷ്യരാശിയിലെ ചിലർക്ക് ദൈവസ്വഭാവ സാദൃശ്യം വളരെ വലിയ അളവിൽ നിലനിൽക്കുന്നു. അങ്ങനെയുള്ളവർക്ക് സത്യത്തോടും നീതിയോടും സ്നേഹവും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ചില അടയാളങ്ങളും ഉണ്ടാകും. ദൈവത്തിനു നേരെയുള്ള ആകർഷണവും അവർക്കുള്ളതായി തിരിച്ചറിയാനാകും. ക്രിസ്തുവിന്റെ ശിഷ്യന്മാരെന്ന നിലയിൽ നമുക്കു ചിലപ്പോൾ നാം രക്ഷകനായ യേശുവിനെ സ്വീകരിക്കുന്നതിനു മുൻപു തന്നെ ഈ ആകർഷണം അനുഭവപ്പെട്ടിരിക്കാം. അവിടുന്ന് നമ്മോടു ഇങ്ങനെ പറയുന്നു. "എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല". ആയതിനാൽ, ആദ്യം നാം പിതാവിനാൽ ആകർഷിക്കപ്പെടണം.

എന്നാൽ നമുക്കു ദൈവത്തിങ്കലേക്കു എത്തിച്ചേരുവാൻ ദൈവം ഒരു വഴിയെ നിയമിച്ചു തന്നിട്ടുള്ളു – ആ വഴി ക്രിസ്തുവാണ്. യേശു വിശദീകരിക്കുന്നു: "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:6). ദൈവത്തിങ്കലേക്കു വരുവാൻ ആഗ്രഹിക്കുന്നവർ ഈ വഴി വരികയും, അവൻ വരേണ്ടുന്ന വഴിയിലെ നിബന്ധനകളെ പാലിക്കുകയും ചെയ്യണം. സ്വന്ത ഇച്ഛകളെ ഒഴുക്കികളഞ്ഞ് സകലത്തിലും അവരെ ഭരിക്കുവാൻ ദൈവ ഇഷ്ടത്തെ സ്വീകരിച്ച് സ്വയം താഴ്മ ധരിച്ചു മാത്രമാണ് അവങ്കലേക്കു എത്തിച്ചേരുവാനാകൂ എന്നാണ് അവരോടു പറഞ്ഞിരിക്കുന്നത്.

# കർത്താവിന്റെ കണ്ണ്, കയ്യ്, നാവ്
## THE LORD'S EYE, HAND AND MOUTH

ജെനറൽ എഡിറ്ററായിരുന്ന ബ്രദർ ബെർണാഡ് ഹെഡ്മാൻ 1977, 1984, 1996 വർഷങ്ങളിലെ തീർത്ഥാടക സന്ദർശനങ്ങളിലും കൺവൻഷനുകളിലും വെച്ച് നടത്തിയ പ്രസംഗങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ലേഖനം. ഈ പകർപ്പ് പ്രസിദ്ധീകരണത്തിനായി എഡിറ്റ് ചെയ്തതാണ്.

ബ്രദർ ബെർണാഡ് ഹെഡ്മാൻ പാസ്റ്റർ ജോൺസന് എപ്പിഫനി ദൂതൻ എന്ന നിലയിൽ ഉന്നത ബഹുമാനം നൽകിയിരുന്നു. അദ്ദേഹത്തിന്റെ അവസാന കാലഘട്ടത്തിൽ, "കർത്താവിന്റെ കണ്ണ്, കയ്യ്, നാവ്" എന്ന പാസ്റ്റർ ജോൺസന്റെ പ്രയോഗത്തിന്റെ അർത്ഥത്തെ നമ്മുടെ പ്രയോജനത്തിനായി ശേഖരിക്കുകയും വിശദീകരിക്കുകയും ചെയ്തു. നെഹമ്യാവിന്റെ പുസ്തകം 7-ാം അദ്ധ്യായം, 65-ാം വാക്യം തിരഞ്ഞെടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തികച്ചും വിചിത്രമായൊരു വാചകമല്ലേ അത്? ബൈബിളിൽ പ്രാമുഖ്യം നൽകാത്ത ഒരു വചനം: "ഊറീമും തുമ്മീമും ഉള്ളൊരു പുരോഹിതൻ എഴുന്നേൽക്കുംവരെ അവർ അതിപരിശുദ്ധമായത് തിന്നരുതെന്ന് ദേശാധിപതി അവരോട് കൽപ്പിച്ചു".




**ഉറീം വെളിച്ചത്തെയും (ദൈവവചനം)**
**തുമ്മീം പൂർണതയെയും (ദൈവാത്മാവ്)**
**പ്രതിനിധാനം ചെയ്യുന്നു**
**പുരാതന കല്ലുകൾ**
**ദൈവജനത്തിന്റെ ചരിത്രത്തിൽ പ്രത്യേകമായ ദൈവിക മാർഗനിർദ്ദേശം വേണ്ടിവന്ന നിർണ്ണായക സന്ദർഭങ്ങളിൽ ഊറീമും തുമ്മീമും ഉപയോഗിച്ചിരുന്നു**

സമാഗമനകൂടാര വേലയിൽ പുരോഹിതൻ ധരിച്ചിരുന്ന മാർപ്പതക്കത്തിൽ ഊറീമും തുമ്മീമും പതിച്ചിരുന്നു. ഇവ എന്തായിരുന്നു എന്ന് വ്യക്തമല്ലായെങ്കിലും, അവയിലൂടെ ദൈവം ചില അറിയിപ്പുകൾ നൽകിയിരുന്നു എന്നു നമുക്ക് അറിയാം. ഊറീമും തുമ്മീമും ഉള്ളൊരു പുരോഹിതൻ എഴുന്നേൽക്കുന്നതുവരെ അവർ അതിപരിശുദ്ധമായത് തിന്നരുതെന്നായിരുന്നു നമ്മോട് പറഞ്ഞിരിക്കുന്നത്. ഈ ഊറീമും തുമ്മീമും ഉപയോഗിച്ചിരുന്നത് മഹാപുരോഹിതന്മാരായിരുന്നു എന്നും, ചില ഉത്തരങ്ങൾ നൽകുവാൻ ദൈവം അത് പൗരോഹിത്യത്തിൽ ആദ്യന്തം ഉപയോഗിച്ചു എന്നും നമുക്ക് അനുമാനിക്കാം.

### ജോൺസൻ സഹോദരന്റെ വ്യാഖ്യാനം

ഇവിടെ പൊരുൾ നിഴലിലേക്ക് വെളിച്ചം വീശുന്നു എന്ന് ജോൺസൻ സഹോദരൻ വെളിപ്പെടുത്തുന്നു. പ്രഥമമായും ഈ വാക്യത്തിൽ നിന്നാണ് അദ്ദേഹത്തിന് ഊറീമിനെയും തുമ്മീമിനെയും കുറിച്ചുള്ള പൊരുളിന്റെ വ്യാഖ്യാനം ലഭിച്ചത്. ഇവ രണ്ടും ഒരുമിച്ച് വെച്ചിട്ടുള്ളതിനാൽ ഇവയെ നമുക്ക് നന്നായി അറിയാം – "ഉപദേശത്തെയും നിന്നെത്തന്നെയും സൂക്ഷിച്ചുകൊൾക" (1 തിമൊ. 4:16). ഈ തിരുവെഴുത്ത് യാഥാർത്ഥ്യത്തിൽ ഇങ്ങനെയല്ല എഴുതിയിരിക്കുന്നത്; മറിച്ച് ഇവ്വിധമാണ്, "നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക" എന്നാണ് എഴുതിയിരിക്കുന്നത്. ഞാൻ അത് മനപൂർവ്വം ഈ രീതിയിൽ നൽകിയതാണ്. മേഘസ്തംഭത്തിലും അഗ്നിസ്തംഭത്തിലും ഇതേ ആശയമാണ് അടങ്ങിയിരിക്കുന്നത് ഇവിടെ നമുക്ക് ഊറീമും തുമ്മീമും ആണ് ഉള്ളത്.

ഊറീം എന്ന പദത്തിന്റെ അർത്ഥം വെളിച്ചങ്ങൾ എന്നാണ്. "വെളിച്ചങ്ങൾ" എന്തിനെ പ്രതിനിധീകരിക്കുന്നു? അത് ദൈവവചനത്തെ പ്രതിനിധീകരിക്കുന്നു. പൗരോഹിത്യത്തിലൂടെ ദൈവവചനത്തെക്കുറിച്ചുള്ള അറിവുകൾ നമുക്ക് ലഭിച്ചു. തുമ്മീം എന്ന പദം പൂർണതകളെ പ്രതിനിധാനം ചെയ്യുന്നു. ഇത് ദൈവാത്മാവിന്റെ ആശയം നമുക്ക് നൽകുന്നു. പൗരോഹിത്യം ഈ പരിശുദ്ധമായതിൽ നിന്നും തിന്നതുപോലെ – നാം കഴിച്ചു – അതായത് നാം ഊറീമിലൂടെയും തുമ്മീമിലൂടെയും – സത്യത്തിലൂടെയും സത്യത്തിന്റെ ആത്മാവിലൂടെയും ഈ പരിശുദ്ധമായതിനെ കുറിച്ചുള്ള അറിവു സ്വീകരിച്ചു. എങ്കിൽ ചോദ്യം ഇതാണ്: സത്യത്തെയും സത്യത്തിന്റെ ആത്മാവിനെയും സ്വീകരിച്ചതിന്റെ അനുഭവം നമുക്ക് ലഭിച്ചതിനാലാണോ നാം ഇന്ന് ഇവിടെ ഉള്ളത്? (PT' 37, pp. 63, നിര. 2, ചുവടെ നിന്ന് പേജ് 64 മുകൾ വരെ).

കർത്താവിന്റെ കണ്ണ്, കയ്യ്, നാവ് എന്ന പ്രയോഗം നമ്മുടെ പ്രിയപ്പെട്ട ജോൺസൻ സഹോദരൻ പലപ്പോഴും ഉപയോഗിച്ചിരുന്നു. ഈ വിഷയത്തെക്കുറിച്ച് അദ്ദേഹം നൽകിയിരിക്കുന്ന വ്യക്തമായ വിശദീകരണത്തിനായി ഞാൻ തിരഞ്ഞു. അത് കണ്ടെത്താത്തതിൽ ഞാൻ ആശ്ചര്യപ്പെട്ടു. ഉദാഹരണത്തിന്, കുഷ്ഠരോഗത്തെ കുറിച്ചുള്ള ലേഖനത്തിൽ അദ്ദേഹം ഈ പ്രയോഗം കുറഞ്ഞത് ഒരു പത്ത് പന്ത്രണ്ട് തവണ ഉപയോഗിക്കുന്നുണ്ട്. ദൈവം തന്റെ ജനത്തെയും യുഗാന്ത്യത്തിലുള്ള വേലകളുടെ മേൽനോട്ടം നടത്തുകയും ചെയ്യതുപോലെ കർത്താവിന്റെ കണ്ണും കയ്യും നാവും സാഹചര്യം വിലയിരുത്തി ഒരു വ്യക്തി നിർമലനോ, മലിനനോ എന്ന് പ്രസ്താവിക്കും എന്ന് ജോൺസൻ സഹോദരൻ സൂചിപ്പിക്കുന്നു. ആയതിനാൽ നിങ്ങൾക്ക് പരിചിതവും അപരിചിതവുമായ ചില തിരുവെഴുത്തുകളുടെയും ചില ഗ്രന്ഥപരാമർശങ്ങളുടെയും അടിസ്ഥാനത്തിൽ ഇത് വിശദമാക്കുന്ന ചില ചിന്ത ഞാൻ നിങ്ങൾക്കു മുൻപിൽ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.




"നക്ഷത്രാംഗങ്ങൾ നമ്മുടെ കർത്താവിന്റെ കണ്ണും, കയ്യും, നാവും ആയിരിക്കുന്നു എന്ന വസ്തുത അവർക്ക് ചെറിയ ആട്ടിൻകൂട്ടത്തിൽ സമകാലികരായ മറ്റ് ഏതൊരു അംഗത്തെക്കാളും കർത്താവിനോട് കൂടുതൽ അടുത്ത ഔദ്യോഗികവും വ്യക്തിപരവുമായ ബന്ധം നിലനിർത്തുവാൻ ഇടയാക്കുന്നു. ചെറിയ ആട്ടിൻകൂട്ടത്തിലെ ശേഷിക്കുന്ന അംഗങ്ങൾ അവരുടെ വ്യക്തിപരമായ കാലഘട്ടത്തിൽ അവർക്കുണ്ടായിരുന്നതിലും കർത്താവിനു കീഴിലുള്ള നക്ഷത്രാംഗങ്ങളുടെ വേലയും അവർക്കുള്ള വിശ്വസ്തതയുമാണ് ഈ വ്യത്യാസത്തിനു കാരണം. എന്തെന്നാൽ ഇവരാണ് തങ്ങളുടെ നിക്ഷേപങ്ങളെ ഒരു റാത്തലിൽ നിന്നും പത്ത് റാത്തലുകൾ ആയി ഉയർത്തിയവർ. കൂടാതെ അവർ കർത്താവായ യേശുവിന്റെ കണ്ണും കയ്യും നാവും ആയിരിക്കുന്നതിനാലാണ് അവർക്ക് ലൂക്കൊ. 10:16 ലെ ചിന്ത ഏറ്റവും വിശിഷ്ടമായ അർത്ഥത്തിൽ ബാധകമാകുന്നത്: 'നിങ്ങളുടെ വാക്ക് കേൾക്കുന്നവൻ എന്റെ വാക്കു കേൾക്കുന്നു; നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു; എന്നെ തള്ളുന്നവൻ എന്നെ അയച്ചവനെ തള്ളുന്നു'. ഈ പദവി അവരെ ദൈവത്തിന്റെ അവകാശത്തിനുമേൽ അധിപതിമാരാക്കി വെക്കുന്നില്ല" [E-9, p. 130].

## കർത്താവിന്റെ കണ്ണ്

മോശെയുടെ കണ്ണ് മങ്ങിയിരുന്നില്ല; അവന്റെ ദേഹബലം ക്ഷയിച്ചിരുന്നില്ല എന്ന് നമ്മെ ഓർമ്മിപ്പിക്കുവാനായി ജോൺസൻ സഹോദരൻ ഉപയോഗിച്ചിരുന്ന വേദവാക്യമായിരുന്നു ആവ. 34:7. തന്റെ ജീവിതത്തിന്റെ അന്ത്യത്തോട് അടുത്തപ്പോൾ പോലും അദ്ദേഹം (ജോൺസൻ സഹോദരൻ) സത്യത്തിന്മേലുള്ള തന്റെ പിടിവിട്ടില്ല എന്നും, അന്ത്യകാലത്തിലും സത്യത്തിന്റെ ലഘുവും അഗാധവുമായ വിശേഷതകളുടെ അറിവ് നിലനിർത്തിയിരുന്നു എന്നും ഇത് സൂചിപ്പിക്കുന്നു എന്ന് അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നു എന്ന് നിങ്ങൾ ഇപ്പോൾ തിരിച്ചറിയുന്നു (ബ്രദർ ജോളിയുടെ മരണത്തിനു ശേഷം അടുത്തുതന്നെയാണ് ഞാൻ ഇത് എടുത്തുപറയുന്നത് എന്ന് ഞാൻ ഓർമിക്കുന്നു. ഇതേ കാര്യം ഞാൻ അദ്ദേഹത്തിലും ശ്രദ്ധിച്ചു അദ്ദേഹത്തിന്റെ കാഴ്ച മങ്ങിയിരുന്നില്ല-അദ്ദേഹത്തിന്റെ ദേഹബലം ക്ഷയിച്ചിരുന്നിരിക്കാം എന്നാൽ അദ്ദേഹത്തിന്റെ മരണം വരെയും അദ്ദേഹം സത്യത്തെ മുറുകെ പിടിച്ചിരുന്നു).

മത്താ. 24:28: "ശവം ഉള്ളേടത്തു കഴുക്കൾ കൂടും". സത്യം എവിടെയുണ്ടോ അവിടെ പ്രതീകാത്മകമായ കഴുകന്മാർ ഉണ്ടാകും എന്ന് ഈ വചനത്തെ വിശദമാക്കുന്ന ബൈബിൾ കമന്ററി പറയുന്നു. എന്ത് വിശേഷതയാണ് കഴുകന് ഉള്ളത്? നല്ലതും തീക്ഷ്ണവുമായ കാഴ്ചശക്തി. ശവം എവിടെയുണ്ടോ, അവിടെ സത്യത്തിന്റെ തക്കകാല ആഹാരത്തിനായി, അന്ത്യകാലത്തിൽ പ്രത്യേകമായും കഴുക്കൾ കൂടും.


കഴുകൻ ജ്ഞാനത്തെ പ്രതിനിധാനം ചെയ്യുന്നു എന്ന ആശയം നമുക്കുണ്ട്. 1 കൊരി. 1:30 ൽ ഇതിനെ സംബന്ധിച്ച നാല് ഭാഗമായ അറിവു നമുക്ക് നൽകിയിട്ടുണ്ട്... "ക്രിസ്തു... നമുക്കു ജ്ഞാനവും... ആയിത്തീർന്നു". എഫെ. 1:18 ൽ "നിങ്ങളുടെ ഹൃദയ ദൃഷ്ടി പ്രകാശിപ്പിച്ചിട്ട്" - ദൃഷ്ടി അഥവാ കണ്ണ്, ജ്ഞാനത്തെ പ്രതിനിധീകരിക്കുന്നു.

വെളിച്ചത്തിൽ നടക്കുന്നതിനെപ്പറ്റി ജൂലൈ 1 ലെ മന്നാ, എഫെ. 5:8,10 ഉണ്ടെന്ന് നാം ഓർമിക്കുന്നു. ജ്ഞാനം, എന്ന പദത്തിന്റെ രണ്ടാം തലമായ അർത്ഥമാണ് അത്. കണ്ണാൽ പ്രതിനിധീകരിച്ചിരിക്കുന്ന ദൈ

വത്തിന്റെ ജ്ഞാനത്തെ – ദൈവത്തിന്റെ അറിവിനെ – ജ്ഞാനത്തിന്റെ ചിഹ്നത്തെ നമുക്ക് രണ്ടാമത്തെ ഒരു അർത്ഥമായി ബൈബിളിൽത്തന്നെ കാണാം. “നിന്റെ വചനം... ദീപവും... പ്രകാശവും ആകുന്നു” (സങ്കീ. 119:103) (E-15, 664 കാണുക). സങ്കീ. 32:8 ൽ, “ഞാൻ നിന്നെ ഉപദേശിച്ച്, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും”. PT' 57, p. 2, ഫെബ്രു. 23 ലെ മന്നാ വ്യാഖ്യാനവും അനുസരിച്ച് പറഞ്ഞാൽ ദൈവത്തിന്റെ ജ്ഞാനം നമ്മുടെ പെരുമാറ്റത്തെ വഴിനടത്തും.

E-6, p. 458 ലും E-8, p. 456 ലും അവതരിപ്പിച്ചിരിക്കുന്ന “കണ്ണ്” എന്ന പദത്തിന്റെ മൂന്നാമത്തെ അർത്ഥതലത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അത് സെഖ. 4:10 ൽ നിന്നും എടുത്തിരിക്കുന്നു: “സർവ്വഭൂമിയിലും ഊടാടിച്ചെല്ലുന്ന യഹോവയുടെ ഈ ഏഴു കണ്ണ്”. കർത്താവിന്റെ കണ്ണ്, കയ്യ്, കരം എന്ന ചിന്ത പ്രത്യേകിച്ച് ഈ വിഷയത്തിൽ കണ്ണ് എന്ന ആശയം ജോൺസൻ സഹോദരന് ലഭിച്ചത് ഈ തിരുവെഴുത്തിൽ നിന്നുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് വളരെ നല്ലൊരു വേദഭാഗമാണ്, എനിക്ക് ബൈബിളിലെ ഏറ്റവും പ്രിയ വചനങ്ങളിൽ ഒന്നാണിത്. നക്ഷത്രാംഗങ്ങൾ ഒരു ആലങ്കാരികമായ യാത്രപോകും എന്ന ചിന്ത നമുക്ക് ഇവിടെ ലഭിക്കുന്നു. കർത്താവിന്റെ കണ്ണുകൾ സർവ്വഭൂമിയിലും സഞ്ചരിക്കും. അങ്ങനെ ഇവിടെ നാം കർത്താവിന്റെ കണ്ണുകൾ ഏഴ് കണ്ണുകളിലൂടെ – ക്രിസ്തീയ സഭയുടെ ഏഴ് ദൂതന്മാരിലൂടെ പ്രവർത്തിക്കുന്നത് കാണുന്നു.

ദാനിയേൽ ഇതിന് മികച്ച ഒരു ഉദാഹരണമാണ് E-9 പറൂസിയ ദൂതൻ എന്ന വാല്യം, അദ്ധ്യായം 7 ൽ ചില പ്രത്യേകമായ കാര്യങ്ങളെ കാണുകയും നിരീക്ഷിക്കുകയും ചെയ്ത “വിശ്വസ്തനും ബുദ്ധിമാനുമായ ദാസനാ”യി ജോൺസൻ സഹോദരൻ ദാനിയേലിനെ അവതരിപ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ദാനിയേൽ നമുക്ക് നിരവധി അറിവുകൾ നൽകിയിട്ടുണ്ട്. ഈ അന്ത്യകാലത്തിൽ എന്തെല്ലാം സംഭവിക്കും എന്ന് അദ്ദേഹം മുൻകൂട്ടി നമ്മോട് പറഞ്ഞിട്ടുണ്ട്. എന്നെപ്പോലെ നിങ്ങൾക്കും അവ അറിയാവുന്നതിനാൽ ഞാൻ അത് എടുത്തു പറയുന്നില്ല. റസ്സൽ സഹോദരനും മറ്റ് നക്ഷത്രാംഗങ്ങളും അവരുടെ ആലങ്കാരികമായ യാത്ര ചെയ്യുമ്പോൾ, ദൈവം അവർക്കു കാണുവാനായി ഒരുക്കിയിരിക്കുന്നവ അവർ കാണും.




## കാവൽക്കാർ അഭിമുഖമായി കാണും

നിങ്ങൾക്കുവേണ്ടി മറ്റു രണ്ട് വേദഭാഗങ്ങൾ കൂടി ഉദ്ധരിക്കുവാൻ ഞാൻ താൽപ്പര്യപ്പെടുന്നു. അതിൽ ഒന്ന് യെശ. 52:8 (E-7, p. 308 കാണുക) ആണ്: “നിന്റെ കാവൽക്കാർ... അഭിമുഖമായി കാണും”. ഈ വേദഭാഗത്തിലും മറ്റ് വേദഭാഗങ്ങളും അടിസ്ഥാനപ്പെട്ടിരിക്കുന്നതായ നാം ഇന്ന് പരമവിളിയുടെ കാലത്തിലല്ല ജീവിക്കുന്നത് എന്ന നമ്മുടെ നിർണ്ണയത്തെ കാണിക്കുവാൻ ഈ വാക്യത്തെ നാം ഉപയോഗിക്കുന്നു. ജോൺസൻ സഹോദരൻ ഈ ലേഖനം ഫലശേഖരണത്തിന്റെ കാലത്ത് മുന്നോട്ടുകൊണ്ടുവന്നപ്പോൾ കാവൽക്കാരുടെ ഇടയിൽ അഭിപ്രായഐക്യം ഉണ്ടായിരുന്നു എന്ന് പ്രകടമാകുന്നു. നമുക്കുവേണ്ടി കാവൽ നിന്നവരും, “യഹോവ സീയോനിലേക്ക് മടങ്ങിവരുന്നത്” കാണുന്നതിന് നമുക്കുവേണ്ടി കാണുകയും – നിരീക്ഷിക്കയും ചെയ്ത കാവൽക്കാരുടെ കാര്യം തന്നെ. മറ്റ് വാക്കിൽ പറഞ്ഞാൽ, കഷ്ടകാലത്തിനു മുൻപ് തന്നെ അവർ ഒരേ നിലപാടിൽ എത്തിച്ചേരുകയും പങ്കുവയ്ക്കയും ചെയ്യും. 1914-1916 മുതൽ എന്ത് സംഭവിച്ചു? കാവൽക്കാർ അന്നു മുതൽ അഭിമുഖമായി കാണുന്നില്ല. യഹോവ സീയോനെ മടക്കിവരുത്തി എന്നുള്ളതിനുള്ള എതിർദിശയിലുള്ള തെളിവാണത്.

നാം ഒരു കൊത്തളത്തിലായിരിക്കണം. അവിടെ നിന്ന് മുന്നോട്ടു നോക്കി നിൽക്കണം എന്ന് ഹബ. 2:1 ൽ കർത്താവ് നമ്മോട് പറയുന്നു. പൊരുളിലെ ഹബക്കുക് – “വിശ്വസ്തനും ബുദ്ധിമാനുമായ ആ ദാസൻ” – മറ്റ് കാവൽക്കാരോടു കൂടെ നമുക്കുവേണ്ടി ഈ അന്ത്യകാലത്തിൽ കാവൽകാക്കും എന്ന് ഇത് കാണിക്കുന്നു (PT' 57, p. 36 കാണുക).

കർത്താവിന്റെ കണ്ണ്, യേശുവിനും യഹോവയ്ക്കും വേണ്ടിയുള്ള നിരീക്ഷകരും അങ്ങനെ നമ്മുടെ നിരീക്ഷകരും ആയിരിക്കുന്ന നക്ഷത്രാംഗങ്ങളാണ്. സഹോദരങ്ങളെ അവർ നമുക്കുവേണ്ടി നിരീക്ഷിക്കുകയും തിരുവെഴുത്തുകളിലും കാലങ്ങളുടെ അടയാളങ്ങളിലും നോക്കുകയും ചെയ്ത അവരുടെ മഹത്തായ വേലയുടെ ഫലമായിട്ട് ഈ സകല നിരീക്ഷണങ്ങളും അറിവുകളും നമുക്ക് വേണ്ടി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നാം മഹത്തായ അനുഗ്രഹവും നമുക്ക് വളരെ പ്രയോജനവും നേടിയിരിക്കുന്നു എന്ന് പറയുവാൻ കഴിയില്ലേ?

**കർത്താവിന്റെ കയ്യ്**

വിവിധ കാര്യങ്ങളെ പ്രതിപാദിക്കുന്നു

മുഖ്യ കൃപ, ഫിലി. 2:9-11
അധികാരം, പുറ. 17:12
ശുശ്രൂഷ, ലേവ്യ. 9:22,23
കരുതൽ, സങ്കീ. 31:15

## കർത്താവിന്റെ കയ്യ്

ഇനി നമുക്ക് കർത്താവിന്റെ കണ്ണ്, കയ്യ്, വായ് എന്ന പ്രയോഗത്തിന്റെ രണ്ടാമത്തെ ഭാഗമായ കയ്യ് എന്ന പ്രയോഗത്തിലേക്കു കടക്കാം. കയ്യ് എന്ന പദത്തിന് വിവിധങ്ങളായ നിരവധി അർത്ഥങ്ങൾ ഉണ്ടെന്ന് നമുക്ക് അറിയാം. ഈ പദം ആദ്യമായി മുഖ്യ കൃപയെയും അധികാരത്തെയും സൂചിപ്പിക്കുന്നതിനായാണ് ഉപയോഗിച്ചത് എന്നുള്ളത് നമുക്ക് പരിചിതമാണ് എന്ന് എനിക്ക് ഉറപ്പുണ്ട്. ഫിലി. 2:9-11 ൽ യേശു ക്രിസ്തുവിനെ ഏറ്റവും ഉയർത്തി എന്നു പറയുന്നു. പിതാവുമായുള്ള ബന്ധത്തിൽ യേശുക്രിസ്തുവിനുണ്ടായിരുന്ന മുഖ്യകൃപയെയും അധികാരത്തെയും ഇത് കാണിക്കുന്നു. സങ്കീ. 16:8; എഫെ. 1:20; എബ്രാ. 1:3 എന്നിവ മറ്റ് ഉദാഹരണങ്ങളാണ്.

സമാഗമനകൂടാരത്തിന്റെ ചിത്രത്തിലേക്ക് നാം മടങ്ങിപോവുകയാണെങ്കിൽ, അവിടെ കൈ എന്ന പദം ശുശ്രൂഷയെ സൂചിപ്പിക്കുന്നതായി കാണാം (T.P. 83; E. 8, pp. 157, 323). ഇത് നമുക്ക് മോശെയും അഹരോനും സമാഗമന കൂടാരത്തിൽ കടന്നിട്ടു പുറത്തു വരുന്ന ചിത്രത്തിൽ ലേവ്യ. 9:22,23 ൽ കാണുവാനാകും. അവർ പുറത്തുവന്നപ്പോൾ എന്താണ് ചെയ്തത്? ജനത്തെ അനുഗ്രഹിച്ചു. ദൈവദാസന്മാർക്ക് അല്ലെങ്കിൽ ദൈവജനത്തിനു വേണ്ടിയുള്ള പ്രാപ്തിയുള്ള മഹത്തായ ശുശ്രൂഷയെയാണ് ഇത് സൂചിപ്പിക്കുന്നത്. തിരുവെഴുത്തിലെ മറ്റ് ഉദാഹരണങ്ങൾ: പുറ. 17:12; വെളി. 13:16; 14:9; 20:4.

അധികാരം എന്ന പദവുമായുള്ള ബന്ധത്തിൽ കൈ എന്ന പദത്തെ വീണ്ടും ഉപയോഗിച്ചിരിക്കുന്നു. പുറ. 4:2 ൽ ദൈവം മോശയോട് ചോദിച്ചു, "നിന്റെ കൈയ്യിൽ ഇരിക്കുന്നത് എന്ത്?" എന്റെ വേലയ്ക്കായി പ്രവർത്തിക്കുവാൻ നിന്റെ അധികാരത്തിൽ എന്താണ് ഉള്ളത്? അത് ഒരു ദണ്ഡ് അഥവാ വടി ആയിരുന്നു. നിന്റെ കൈയ്യിൽ ഇരിക്കുന്നത് എന്ത്? നമ്മുടെ അധികാരത്തിനു കീഴിൽ, നമ്മുടെ പ്രാപ്തിയിൽ നമ്മുടെ കഴിവുകളിൽ എന്താണ് ഉള്ളത്? അനേകം കാര്യങ്ങൾ ഉണ്ട്. സഭാ. 9:10 ൽ ഇങ്ങനെ പറയുന്നു, "ചെയ്‌വാൻ നിനക്ക് സംഗതി വരുന്നതൊക്കെയും ശക്തിയോടെ ചെയ്ക". ചെയ്‌വാൻ നിന്റെ കരങ്ങൾക്ക് എന്ത് സാധിക്കുമോ അത് ചെയ്ക എന്തെന്നാൽ നിങ്ങൾ പോകുന്നിടത്ത് ആ അവസരം കിട്ടിയെന്ന് വരില്ല. നമുക്ക് ദൈവത്തിന്റെ മഹത്തായ ശക്തി ഉണ്ട്.

എസ്രാ. 8:18 ൽ കൈ എന്ന പദത്തെ കരുതൽ എന്ന് പരാമർശിച്ചിരിക്കുന്നു. വീണ്ടും സങ്കീ. 31:15 ൽ ദൈവത്തിന്റെ അധികാരത്തെയും മേൽവിചാരണകളെയും വ്യാഖ്യാനിച്ചിരിക്കുന്നു, "എന്റെ കാലഗതികൾ നിന്റെ കൈയ്യിൽ ഇരിക്കുന്നു." ദൈവത്തിനു പരമാവധി മഹത്ത്വവും നമുക്ക് പ്രയോജനവും വരുവാൻ അനുയോജ്യമായ സമയത്തായിരിക്കും ദൈവം ഓരോ അനുഭവവും, നേട്ടവും, പ്രവൃത്തിയും ശുശ്രൂഷയ്ക്കുള്ള അവസരങ്ങളും ക്രമപ്പെടുത്തുന്നത് (ഒക്ടോ. 27 ലെ മന്നായുടെ വ്യാഖ്യാനം കാണുക).

## കയ്യ് ശുശ്രൂഷയെ പ്രതിനിധീകരിക്കുന്നു

കയ്യ് എന്ന പദത്തിന്റെ ശുശ്രൂഷ എന്ന വ്യാഖ്യാനം ആണ് എനിക്ക് ഏറ്റവും പ്രിയപ്പെട്ടത്. അപ്പൊസ്തലന്മാരിലും നക്ഷതാംഗങ്ങളിലും ദൈവത്തിന്റെ കൈ പ്രവർത്തിച്ചിരുന്നു. ഇവിടെ ഈ യുഗാന്ത്യത്തിലും ദൈവത്തിനു വേണ്ടി ശുശ്രൂഷ ചെയ്യുവാനുള്ള മഹത്തായ അവസരവും നൽകി. ദൈവജനത്തെ സംബന്ധിച്ച് ചെയ്യുന്ന വേലയുടെ മേൽനോട്ടം നടത്തിക്കൊണ്ട് ഇവിടെ ഈ യുഗാന്ത്യത്തിലും നക്ഷത്രാംഗങ്ങളിലൂടെ മഹാപുരോഹിതൻ പ്രവർത്തിക്കുന്നു എന്ന പ്രയോഗം ജോൺസൻ സഹോദരൻ ഉപയോഗിക്കുവാനുള്ള ഒരു കാരണം ഇതാണ്. ശുശ്രൂഷയെക്കുറിച്ചുള്ള ഈ ആശയം എനിക്ക് ഇഷ്ടമാണ്.

നക്ഷത്രാംഗങ്ങൾ ലവദോക്യൻ ദൂതനിലൂടെ നമ്മെ സേവിക്കുവാനും ദൈവജനത്തിന്റെ ശുശ്രൂഷയ്ക്കു വേണ്ടി അവരുടെ ജീവിതം തന്നെ ബലികഴിക്കുവാൻ അവകാശം ഉള്ളവരായിരുന്നു.

എന്നാൽ മഹാദാരിദ്രത്തിലും, പീഡനത്തിലും, അപകീർത്തിയിലും, പരാജയത്തിലും, നഷ്ടങ്ങളിലും, പ്രതിബന്ധങ്ങളിലും, കാലവിളംബങ്ങളിലും, നിരാശകളിലും നമുക്ക് ഈ ചിന്തയെ പൂർണമായും വിലമതിക്കുവാനാവില്ല എന്ന് നിങ്ങൾക്കറിയാം. ഇങ്ങനെ ദൈവജനങ്ങൾ സഹിക്കേണ്ടതായ ക്ലേശങ്ങളുടെ ഒരു വലിയ നിര തന്നെ ജോൺസൻ സഹോദരൻ നൽകിത്തരുന്നു. അങ്ങനെയെങ്കിൽ നമ്മെ നിരീക്ഷിക്കുവാൻ സഹായിച്ച, അവരെ സ്വയം വേർതിരിക്കുവാനും, സത്യത്തെ പ്രസംഗിക്കുക എന്ന അവരുടെ വേല ചെയ്യുവാനും സഹായിച്ചവർ എന്തു മാത്രം ക്ലേശങ്ങൾ അനുഭവിച്ചിട്ടുണ്ടാവും?

## നക്ഷത്രാംഗങ്ങൾ ശുശ്രൂഷയിലൂടെ സഭയെ നയിച്ചു

യേശുവിന്റെ പ്രതിനിധികൾ ആയി നക്ഷത്രാംഗങ്ങൾ എളുപ്പം വഴങ്ങുന്നവരെ മാനസാന്തരത്തിലേക്കും ക്രമേണ സമർപ്പണത്തിലേക്കും ആത്മോൽപാദനത്തിലേക്കും നയിച്ച് അവരെ പ്രകാശിതരാക്കി ശുശ്രൂഷയിൽ ഫലസമ്പൂർണ്ണരാക്കി; അപ്പൊസ്തലന്മാരുടെ കീഴിലും കൂടാതെ "ആ ദാസന്റെ" കീഴിലും ഉണ്ടായിരുന്ന രണ്ട് കൊയ്ത്തുകൾ സംബന്ധിച്ച് ഇത് ശരിയായിരുന്നു. ഒന്നാമത്തെയും ഏഴാമത്തെയും സഭകൾക്ക് ഇടയ്ക്കുള്ള മുപ്പത്തഞ്ചോളം നക്ഷത്രാംഗങ്ങളുടെ കാര്യത്തിലും, എപ്പിഫനി ദൂതന്റെ കാര്യത്തിലും, ആദ്യവും അവസാനവും അവരുടെ ശുശ്രൂഷയിൽ ചുറ്റും അണിനിരന്ന് അവരുടെ ഉപദേശങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാൻ സഹായിച്ച ഈ എളുപ്പം വഴങ്ങുന്നവർക്ക് വേണ്ടിയുള്ള അവരുടെ ശുശ്രൂഷയുടെ കാര്യത്തിലും ഇത് ശരിയായിരുന്നു.

ഈ യുഗാന്ത്യത്തിൽ പട്ടുനാട കൊണ്ട് കെട്ടിയ ഒരു പൊതി നമുക്ക് നൽകിയ പറൂസിയ കൊയ്ത്തിൻ കാലത്തിലെ ഒരു മഹാനായ ഒരു വഴികാട്ടി നമുക്ക് ഉണ്ട്. ആ പട്ടുനാട നാം ഇന്ന് അറിയുന്ന പറൂസിയ സത്യത്തിന്റെ സംഗ്രഹമാണ്. യഥാസ്ഥാപനം, ആത്മാവിന്റെ അമർത്യത, മരണ-നിദ്ര, സാർവ്വത്രികമായ വീണ്ടെടുപ്പ് (സാർവ്വത്രികമായ രക്ഷ) **1878** ലെ ജാതികളുടെ പൂർണ്ണ സംഖ്യചേരൽ, **1914** ൽ അവസാനിക്കുന്ന ജാതികളുടെ കാലം, തിരഞ്ഞെടുപ്പും സൗജന്യരക്ഷയും, എന്നീ പല ഉപദേശങ്ങളും അദ്ദേഹം അവതരിപ്പിച്ചു. ഈ പറൂസിയ ദൂതനിലൂടെ നാം സ്വീകരിക്കാത്തതായി എന്താണ് ഉള്ളത്?


എന്നാൽ യഥാസ്ഥാപനം എന്ന ഉപദേശവുമായി ആദ്യം മുന്നോട്ടു വന്നത് അദ്ദേഹം ആയിരുന്നില്ല. പറൂസിയ കാലത്തിനും വളരെ മുമ്പുതന്നെ ഇത് ഉപദേശിച്ചിരുന്നു. അർമീന്യർ (യാക്കബസ് അർമീനിയസ് എന്ന പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്ര പണ്ഡിതന്റെ അനുയായികൾ) നിരവധി പേർക്കെതിരെ പോരാടിയിരുന്ന യുദ്ധമായിരുന്ന ദൈവത്തിന്റെ സൗജന്യരക്ഷയുടെ ബലത്താൽ ലഭിച്ചതല്ല നമുക്കീ ഉപദേശം. അവർ ആ ഉപദേശത്തെ വിപരീതമായ സമയത്താണ് മുന്നോട്ടു കൊണ്ടുവന്നത് എന്നുള്ളത് തീർച്ചയായും ശരിയാണ്. പറൂസിയ കാലത്തിനു മുൻപ് ദൈവദാസന്മാർ പലരും ഇങ്ങനെയുള്ള നിരവധി പറൂസിയ ഉപദേശങ്ങളെ വികസിപ്പിച്ചു. എന്നാൽ പട്ടുനാട കൊണ്ട് കെട്ടിയ ഒരു പൊതി നാം ആദ്യമായി സ്വീകരിച്ചത് പറൂസിയ കാലത്തായിരുന്നു എന്നു ഞാൻ പറയുന്നു. കൂടാതെ ആ കാലങ്ങളിൽ നാം അധികമായ നിരവധി സത്യങ്ങളും സ്വീകരിച്ചു.

ഞാൻ എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നത്? ഈ കാര്യങ്ങളെ പരസ്യപ്പെടുത്തിയ ആദ്യ വ്യക്തി ബ്രദർ റസ്സൽ ആയിരുന്നതുകൊണ്ടല്ല, നമുക്ക് ദൈവത്തിൽ നിന്നുള്ള കരുതലുമായി പൊരുത്തമുള്ള അദ്ദേഹത്തിന്റെ വേല ഈ യുഗാന്ത്യത്തിലും സ്ഥിരതയോടെ വളരെ പ്രമുഖമായതുകൊണ്ടാണ്. അദ്ദേഹത്തിന്റെ ശുശ്രൂഷ നമുക്ക് ഇന്ന് ഈ എപ്പിഫനി കാലഘട്ടത്തിലും വളരെ സമ്പന്നമായ പാരമ്പര്യം നൽകുകയും അതിനെ പാലിക്കുന്നതിനും, സ്ഥിരീകരിക്കുന്നതിനും, വിപുലീകരിക്കുന്നതിനും സാവകാശം ലഭിക്കുകയും ചെയ്തു. പറൂസിയ കാലഘട്ടത്തിൽ നാം ഏറ്റുവാങ്ങിയ മഹത്തായ സത്യങ്ങളിൽ സഹോദരങ്ങളെ ഉറപ്പിക്കുകയും പുനസ്ഥാപിക്കുകയും ചെയ്യുന്നതായിരുന്നു പ്രത്യേകമായും എപ്പിഫനി ദൂതന്റെ ധർമ്മം. ഇത്തരത്തിൽ ഈ കാലത്തോളം നിലനിൽക്കുന്ന ഒരു രചന നടത്തിയ ആദ്യ വ്യക്തിയായിരുന്നു റസ്സൽ സഹോദരൻ. മുമ്പുണ്ടായിരുന്ന പഠിപ്പിക്കലുകളിൽ നിന്നും യഥാർത്ഥമായ ഉപദേശങ്ങളെ അദ്ദേഹം തിരഞ്ഞെടുത്തു (R 4067, Col. 2, Par. 1 കാണുക).

അംഗീകാരം നൽകേണ്ടയിടത്ത്, അംഗീകാരം നൽകുക തന്നെ വേണം, തീർച്ച. ഉദാഹരണത്തിന് സഹോദരങ്ങളായ സ്റ്റെറ്റ്സൺ, സ്റ്റോറസ്, ഡാർബി, മില്ലർ, ലൂഥർ, സ്വിംഗ്ലി കൂടാതെ മറ്റു പലർക്കും. രണ്ടാമത്തെയും മൂന്നാമത്തെയും നൂറ്റാണ്ടിലേക്കു മടങ്ങിപോകുമ്പോൾ ഇറേനിയസിനും അന്നുമുതൽ

സത്യത്തിന്റെ സൂക്ഷിപ്പുകാരനായിരുന്ന് സഭയുടെ സുവിശേഷം ഉപദേശിച്ച ഏവർക്കും അംഗീകാരം നൽകണം. നക്ഷത്രാംഗങ്ങളിലൂടെയും മറ്റുള്ളവരിലൂടെയും സത്യം നിരന്തരമായി എത്തിക്കൊണ്ടിരുന്നു. സത്യം ഉപദേശിക്കുവാൻ നിരന്തരം ആരെങ്കിലും ഉണ്ടായിരുന്നതുകൊണ്ട് സത്യത്തിന് ഒരിക്കലും ഭ്രംശം വന്നില്ല.

എല്ലായിടത്തും ദൈവ ഉദ്ദേശ്യത്തിനു – യേശുക്രിസ്തുവിന്റെ യോദ്ധാക്കന്മാരായി അവിടുന്ന് യോദ്ധാക്കളെ ഉയർത്തിക്കൊണ്ടുവന്നു എന്ന് നാം എപ്പോഴും ഓർമിക്കണം. വളരെ നൂറ്റാണ്ടുകൾക്കു മുൻപ് ക്രിസ്തുവിനായി അനേകം യോദ്ധാക്കൾ ഉണ്ടായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെ അല്ലേ? കർത്താവിന്റെ കണ്ണ് കൊണ്ടും കൈ കൊണ്ടും നാവു കൊണ്ടും അവർ നമ്മെ തീർച്ചയായും പരിപാലിച്ചു, നമ്മെ സേവിച്ചു, നമുക്കുവേണ്ടി ജാഗരിച്ചു, കൂടാതെ ബൈബിളിലൂടെ അനേകം അറിവുകൾ നമുക്ക് നൽകി. ഇവിടെയാണ് നമുക്ക് അറിവു ലഭിക്കുന്നതിന് നാം എത്തിച്ചേരുന്നത്. വിവിധ ഭാഗങ്ങളിൽ ബൈബിൾ നമുക്ക് വെളിപ്പെടുത്തുകയും അവ നമുക്കു വേണ്ടി ഘടകങ്ങളായി വേർതിരിയുകയും, ഈ യുഗാന്ത്യത്തിൽ നാം സത്യവചനത്തെ ശരിയാം വണ്ണം വിഭജിക്കുകയും ചെയ്യുന്നു.





## കർത്താവിന്റെ നാവ്

നാം ഇനി നാവ് എന്ന പദത്തിലേക്ക് എത്തിയിരിക്കുന്നു. തിരുവെഴുത്തുകളിൽ ഈ പദത്തെ നിരവധി തവണ ഉപയോഗിച്ചിരിക്കുന്നു. ഈ വിഷയത്തിൽ നമുക്ക് ഏറ്റവും ആവശ്യമുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രയോഗങ്ങൾ സംഖ്യ. 12:8 ൽ കാണാം. മോശെ സിപ്പോറയെ ഭാര്യയായി എടുക്കുന്നതിൽ അഹരോനും മിര്യാമും പരാതിപ്പെടുകയായിരുന്നു. വിശേഷിച്ചും മിര്യാം, എന്തെന്നാൽ മോശെയുടെ സഹോദരി എന്ന നിലയിൽ, നാട്ടിലെ പ്രഥമ വനിത അവളായിരുന്നു. അന്ന് മോശെ വിവാഹിതനായിരുന്നില്ല. എന്നാൽ തന്റെ ദാസന്മാരോട് അഭിമുഖമായി സംസാരിക്കുമെന്ന് ഞാൻ പറഞ്ഞു. E-8, p. 118 ൽ ജോൺസൻ സഹോദരൻ നാവ് എന്ന പദത്തിന്റെ ദൈവത്തിന്റെ നാവിന്റെ വിപുലമായ വിശദീകരണം നൽകുന്നു. മോശെ അഹരോനെപ്പോലെയും മിര്യാമിനെപ്പോലെയും ആയിരുന്നില്ല. അവർ ദൈവത്തിന്റെ നാവുകൾ അല്ലാത്തതിനാൽ അവർക്കില്ലാത്തതും, നേടുവാൻ സാധിക്കാത്തതുമായ നിരവധി അറിവ് മോശെ സ്വീകരിച്ചു. യുഗാന്ത്യത്തിലായിരുന്നു വിശേഷിച്ചു ഇത് സംഭവിച്ചതെന്ന് ജോൺസൻ സഹോദരൻ പറയുന്നു. E-9, p. 131 ൽ ഇങ്ങനെ വായിക്കുന്നു: "ഞങ്ങൾ ഇങ്ങനെ മറുപടി നൽകുന്നു:" നക്ഷത്രാംഗങ്ങളിൽ കൂടെ പ്രവർത്തിക്കുന്ന നമ്മുടെ കർത്താവിന് ദൈവം തക്കസമയത്ത് സത്യം മനസിലാക്കുവാൻ സാധിക്കുന്ന വിധവും യുക്തിപരവുമായി വെളിപ്പെടുത്തും. അവരുടെ യുക്തിയെയോ തിരിച്ചറിവിനെയോ കുഴയ്ക്കുന്ന രീതിയിലോ ദുർഗ്രഹമായ രീതിയിലോ ആയിരിക്കയില്ല".

അഹരോൻ ചെറിയ ആട്ടിൻ കൂട്ടത്തിലെ ചില പ്രധാന അംഗങ്ങളെയും മിര്യാം മഹാപുരുഷാരത്തിലെ നായകന്മാരെയും പ്രതിനിധാനം ചെയ്യുന്നു. മോശെ നക്ഷത്രാംഗങ്ങളിലൂടെ ദൈവത്തിന്റെ നാവായി പ്രവർത്തിക്കുന്ന കർത്താവിനെ കാണിക്കുന്നു. നക്ഷത്രാംഗങ്ങളിലൂടെ സഭയോട് കർത്താവ് അഭിമുഖമായി സംസാരിച്ചു. ഈ നക്ഷത്രാംഗങ്ങൾ കർത്താവിന്റെ വായിൽ നിന്നും അറിവു സ്വീകരിച്ചിരിക്കുന്നതിനാൽ നാം അവരിൽ നിന്നും ഈ ആനുകൂല്യം നേടി. മറ്റൊരു വീക്ഷണകോണിൽ നിന്നുകൊണ്ട് ദൈവത്തിന്റെ നാവ് പരിശോധിച്ചാൽ യോഹ. 1:1 ലും യെശ. 62:1 ലും വിവരിക്കുന്നതായ ക്രിസ്തു എന്ന ലോഗോസ് ആണ് അത്.

യേശുവിനു നാവ് ഉണ്ടായിരുന്നു. യേശുവിന്റെ നാവ് ആയി ലോകത്തോട് സംസാരിക്കുന്ന സഭയുണ്ടായിരുന്നു – ലോകത്തോട് സംസാരിക്കുന്ന നാവ് ഉണ്ടായിരുന്നു. 1917 ലെ ആ വലിയ വേർപിരിയലിനു മുൻപ് വരെ യേശു ചെറിയ ആട്ടിൻകൂട്ടത്തിലൂടെയും സംസാരിച്ചുകൊണ്ടിരുന്നു എന്ന് നാം മനസിലാക്കുന്നു. അതിനുശേഷം, നാമധേയ ആത്മീയ യിസ്രയേലിന് അവന്റെ നാവ് ആയി മഹാപുരുഷാരത്തിലൂടെ അവൻ സംസാരിച്ചു.

## എന്റെ നാവ് യഹോവയുടെ എഴുത്തുകോൽ




ദൈവത്തിന്റെ വെളിപ്പാടിന്റെ നിക്ഷേപമായ ബൈബിളിൽ നമുക്ക് ദൈവത്തിന്റെ നാവ് ദർശിക്കുവാനാകും. സങ്കീ. 45:1 ഞാൻ നിങ്ങൾക്കു വേണ്ടി ഉദ്ധരിക്കുന്നു. ജോൺസൻ സഹോദരൻ പറയുന്നതുപോലെ, ഒരു സമർത്ഥനായ ലേഖകന്റെ കൈയ്യിലെ പേനയാണ് അഥവാ എഴുത്തുകോലാണ് ദൈവത്തിന്റെ നാവായിരിക്കുന്ന ബൈബിൾ (E-4, p. 270 മായി താരതമ്യം ചെയ്യുക). ദൈവത്തിന്റെ മഹത്തും അത്ഭുതവുമായ സ്വഭാവങ്ങൾ അതിൽ മുന്നോട്ടുവയ്ക്കുന്നു. സംസാരിക്കുന്നതായി നമുക്ക് ദൈവത്തിന്റെ നാവ് മാത്രമല്ല ഉള്ളത്, ദൈവത്തിന്റെ നാവിലെ രണ്ട് അധരങ്ങൾ കൂടെ ഉണ്ട്. നമുക്ക് ദൈവത്തിന്റെ നാവിലെ താഴത്തെ അധരമായി പഴയനിയമമുണ്ട്. മുകളിലത്തെ അധരമായി പുതിയനിയമവും. പുതിയ നിയമം പഴയ നിയമത്താൽ പിൻതാങ്ങപ്പെടുന്നതുപോലെ, നമ്മുടെ വായയെ നമുക്ക് അടയ്ക്കുവാൻ നമ്മുടെ മുകളിലത്തെ അധരം താഴത്തെ അധരത്താൽ സഹായിക്കപ്പെടുന്നില്ലേ? ദൈവം തന്റെ നാവുകളോട് അഭിമുഖമായി, ബൈബിളിലൂടെ സംസാരിക്കുന്നതായ അറിവുകളെ നൽകുവാൻ ദൈവത്തിന്റെ നാവ് ആയിരിക്കുന്ന പഴയ നിയമവും പുതിയ നിയമവും വളരെ പ്രേരകമാണ്.

പരിചിതമായ മറ്റൊരു വേദവാക്യം, E-4, p. 270 ൽ വിശദീകരിച്ചിരിക്കുന്ന സെഫ. 3:9 ആണ്. ദൈവത്തിന്റെ അത്ഭുതമായ നാവ്, തന്റെ അത്ഭുതമായ നാവ് നമുക്ക് നൽകിയിരിക്കയാൽ നാം ആ രണ്ട് അധരങ്ങളെയും പാടുവാനായി നമുക്ക് ഉപയോഗിക്കാനാകുന്നു. ഈ രണ്ട് അധരങ്ങളിലും രണ്ട് മഹത്തായ പാട്ടുകൾ ഉണ്ട് – “മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും” – യഥാസ്ഥാപന സന്ദേശത്തിന്റെ പാട്ടും പരമവിളിയുടെ പാട്ടും (വെളി. 15:3). ഭൂമിയിലുള്ള കർത്താവിന്റെ നിരീക്ഷകരായ ദൈവത്തിന്റെ നാവ് ആയിരിക്കുന്ന തങ്ങളുടെ മഹത്തായ വേലയിലൂടെ നമുക്ക് ആനുകൂല്യം ലഭിക്കുവാനുള്ള അവകാശം ദീർഘിപ്പിച്ചുകൊണ്ട് മോശെയുടെയും കുഞ്ഞാടിന്റെയും പാട്ട് നമുക്ക് നൽകിയ നിരവധി പേർ യുഗം ഉടനീളവും ഈ യുഗാന്ത്യത്തിലും ഉണ്ടായിരുന്നു. അവർ സദാ ജാഗരിച്ചിരിക്കുന്നു എന്ന് നമുക്ക് നിശ്ചയമായും പറയുവാൻ കഴിയും. അവർ സദാ ശുശ്രൂഷിച്ചുകൊണ്ടിരുന്നു എന്ന് നമുക്ക് നിശ്ചയമായും പറയുവാൻ സാധിക്കും. അവർ കുറച്ച് സമയം മാത്രമായിരുന്നു സംസാരിച്ചുകൊണ്ടിരുന്നത് എന്ന് നമുക്ക് പറയുവാൻ സാധിക്കും. ഈ സമയത്തെല്ലാം ഇവർ ദൈവത്തിന്റെ മഹത്തായ ബൈബിളിൽ നിന്നുള്ള സന്ദേശത്താൽ നമ്മെ സേവിക്കുകയായിരുന്നു.

പറൂസിയ ദൂതന്റെയും എപ്പിഫനി ദൂതന്റെയും ശുശ്രൂഷയുണ്ടായിരുന്നില്ല എങ്കിൽ ചിലപ്പോൾ നാം എല്ലാവരും ഇന്ന് ഇവിടെ ഉണ്ടാവുകയില്ലായിരുന്നു! ഈ രണ്ടു ദൈവദാസന്മാരുടെയും മഹത്തായ ശുശ്രൂഷ പ്രത്യേകമായി ഈ യുഗാന്ത്യത്തിൽ ഉണ്ടായിരുന്നില്ലായെങ്കിൽ നാം ഇന്ന് അനുഭവിക്കുന്ന നമ്മുടെ ആറ് പറൂസിയ വാല്യങ്ങളും, പതിറ്റാണ്ടുകൾ വിലമതിക്കുന്ന റ്റവ്വർ മാസികയോ, മന്നാപുസ്തകമോ, പ്രഭാത കവിതകളോ ചോദ്യപുസ്തകമോ (വളരെ വിലപ്പെട്ടത്), പതിനേഴ് എപ്പിഫനി വാല്യങ്ങളോ ഉണ്ടാവുകയില്ലായിരുന്നു എന്നുള്ളത് ഒരു വസ്തുത അല്ലെ? ഇവയുടെ കൂടെ വർഷങ്ങളോളം തുടർന്നു പോകുന്ന *യഥാകാല സത്യവും ക്രിസ്തുവിന്റെ എപ്പിഫനിയുടെ ഘോഷണവും കൂടാതെ ബൈബിൾ സ്റ്റാൻഡാർഡും* പരിഗണിക്കേണ്ടതാണ്. ഈ യുഗാന്ത്യത്തിൽ ദൈവം നമുക്ക് സത്യത്തിന്റെ അതിമഹത്തായ പാരമ്പര്യം നൽകിത്തന്നിരുന്നില്ലായെങ്കിൽ ഇവയൊന്നും നമുക്ക് ഇന്ന് ഉണ്ടാകയില്ലായിരുന്നു.

നാം പറൂസിയ എപ്പിഫനി ദൂതന്മാരോട് വളരെ കടപ്പെട്ടവരാണെന്ന് നാം തിരിച്ചറിയുന്നു. ഞാൻ ഈ പറഞ്ഞത് ശരിയല്ലേ? ആരെങ്കിലും ഈ അഭിപ്രായങ്ങളെ എതിർക്കുന്നുണ്ടോ? ഞാൻ ഈ പ്രസ്താവന മനപൂർവ്വമായി ശരിയായി പറയാതിരുന്നാൽ, ഈ അവസരത്തിൽ നിരവധി പേരുടെ കൈകൾ എന്റെ മുമ്പിൽ ഉയരേണ്ടതാണ്. ഈ പറൂസിയ എപ്പിഫനി ദൂതന്മാരിലൂടെ നമുക്ക് കർത്താവ് നൽകിയ ശുശ്രൂഷയ്ക്കുവേണ്ടി നാം കർത്താവിനോട് വളരെ കടപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവിടുന്ന് നമുക്കുവേണ്ടി വേറെ ആരെ വേണമെങ്കിലും നൽകിത്തരാമായിരുന്നു. ആയതിനാൽ നാം കർത്താവിനോട് കടപ്പെട്ടിരിക്കുന്നു. ബ്രദർ റസ്സൽ പറയുന്നതു പോലെ നാം

ഒരു ചിത്രം വരയ്ക്കാനുപയോഗിച്ച ബ്രഷിനോട് ഒരിക്കലും കടപ്പെട്ടിരിക്കുന്നില്ല. അതായത് നാം ചുവരിൽ ഒരു മനോഹരമായ ചിത്രം കണ്ടിട്ട്, "ഹോ, ഞാൻ ഈ ചിത്രം വരച്ച ബ്രഷ് കാണട്ടെ, ആ അത്ഭുതകരമായ ബ്രഷ് ഞാൻ ദർശിക്കട്ടെ" എന്ന് പറയുമോ? അതുകൊണ്ട് പാസ്റ്റർ റസ്സൽ പറയുന്നു ബ്രഷിനെയല്ല നോക്കേണ്ടത്, ആ ചുവരിലെ ചിത്രത്തിലേക്കാണ്. അൽപമായെങ്കിലും എനിക്കു വരയ്ക്കുവാൻ അവകാശം ലഭിച്ചിരിക്കുന്ന അത്ഭുതകരമായ ഈ ചിത്രത്തിലേക്ക് നോക്കുവിൻ.

### ഉപസംഹാര പരാമർശങ്ങൾ

2021 എന്ന ഈ വർഷം, എപ്പിഫനി പാളയ സമർപ്പിതർ എന്ന നിലയിൽ, അഭിവൃദ്ധിപ്പെട്ട് വളർച്ച പ്രാപിക്കുന്ന സത്യം മുഴുവനും നൽകപ്പെട്ടിട്ടുണ്ടോ എന്നു നാം ചോദിക്കണം. തിരിവെഴുത്തുകൾ അനുസരിച്ച് ഇല്ല എന്ന് ഞങ്ങൾ ഉത്തരം പറയും! നാം ഇതുവരെ നട്ടുച്ചയോളം എത്തിയിട്ടില്ലാത്തതിനാൽ വെളിച്ചം ശോഭിച്ച് ശോഭിച്ച് വരും എന്ന സദൃ. 4:18 സൂചിപ്പിക്കുന്നു. അതനുസരിച്ച് നമ്മുടെ പാസ്റ്ററിന്റെ മരണശേഷവും സത്യത്തിന്റെ പുതിയ ലക്ഷണങ്ങൾ പുറത്ത് വരേണ്ടതാണ്. അങ്ങനെയുള്ള സത്യങ്ങളെ മാത്രമായിരിക്കണം "വിശ്വസ്തനും ബുദ്ധിമാനുമായ ആ ദാസനി"ലൂടെ – പറൂസിയ ദൂതനിലൂടെ കർത്താവ് നൽകിയ പറൂസിയ സത്യത്തോട് ചേർന്നുകൊണ്ടു വളർച്ച പ്രാപിച്ചു കൊണ്ടിരിക്കുന്ന സത്യമായി പരിഗണിക്കാനാകും. എന്തെന്നാൽ സത്യം സത്യത്തോടൊക്കുന്നു. അതിനെ എതിർക്കുന്നില്ല. എന്നാൽ സദൃ. 4:18 ലെ കർത്താവിന്റെ വചനത്തെയോ, നട്ടുച്ചയാകുന്നതുവരെ സത്യം പുരോഗമിച്ചുകൊണ്ടിരിക്കും എന്ന നമ്മുടെ പാസ്റ്റർ നൽകിയ ഈ വചനത്തിന്റെ വിശദീകരണമോ വിശ്വസിക്കാത്ത സഹോദരങ്ങൾ ഉണ്ട്. പാണ്ഡികശാല പാസ്റ്ററിന്റെ ചുമതലയിൻ കീഴിൽ ആയിരുന്നതിനാൽ അദ്ദേഹത്തിന്റെ മരണശേഷം കൂടുതൽ വെളിച്ചം വന്നിട്ടില്ല വരുവാൻ സാധിക്കയുമില്ല എന്ന് അവർ വാദിക്കുന്നു. നാം ഇന്ന് നട്ടുച്ചയിലല്ല എന്ന് യാതൊരു സംശയവും കൂടാതെ നമുക്ക് പറയുവാൻ സാധിക്കും. എന്തെന്നാൽ സാത്താന്റെ സാമ്രാജ്യം ഇവിടെ ഇപ്പോഴും നിലനിൽക്കുന്നു കൂടാതെ ദൈവരാജ്യത്തിന്റെ ഇരുവശങ്ങളുടെയും പ്രവർത്തനം ഭാവിയിലാണ് ആരംഭിക്കുന്നതും.

മുഴു പാണ്ഡികശാലയുടെയും അധികാരം നമ്മുടെ പാസ്റ്ററിനായിരുന്നു ഉണ്ടായിരുന്നത് എന്നതുകൊണ്ട് അദ്ദേഹത്തിന്റെ മരണശേഷം മറ്റൊരാളിൽ നിന്നുപോലും പുരോഗമിച്ചുവരുന്ന (വളർച്ച പ്രാപിക്കുന്ന) സത്യം ലഭിക്കുകയില്ല എന്ന് പറയാനാകില്ല. അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ തന്നെയും സത്യത്തിന്റെ ചില പുതിയ ലക്ഷണങ്ങൾ മറ്റ് സഹോദരങ്ങൾക്ക് നൽകി, എന്നാൽ ഇവരുടെ വേല അത് മറ്റ് സഹോദരങ്ങൾക്ക് അവതരിപ്പിക്കുകയായിരുന്നില്ല. മറിച്ച് അത് പാസ്റ്ററിന് അവതരിക്കയും, പാസ്റ്റർ പിന്നീട് സ്വയം നേരിട്ടായോ അഥവാ ഈ സഹോദരങ്ങളിലൂടെയോ മറ്റ് സഹോദരങ്ങൾക്ക് അവതരിപ്പിക്കുകയോ ചെയ്തിരിക്കുന്നു. കാലക്കണക്കുകളും പിരമിഡുകളും സംബന്ധിച്ച വിഷയങ്ങളിൽ എഡ്ഗർ സഹോദരങ്ങളുടെയും, യെശ. 18 നെ സംബന്ധിച്ചും (R 3404) സാത്താന്റെ വ്യക്തിപരമായ ബന്ധനത്തെ സംബന്ധിച്ചും (R 4695) ബ്രദർ ബാർട്ടണിന്റെയും, കാണാതെ പോയ ദ്രഹ്മയുടെ ഉപമയെ സംബന്ധിച്ച ബ്രദർ ബൺഡിയുടെയും സംഭാവനകൾ ഇതിനുദാഹരണങ്ങളാണ്.

### മത്താ. 13: 52 ലെ സിദ്ധാന്തം

ഈ തിരുവെഴുത്ത് ശരിയാണ്, എന്തുകൊണ്ടെന്നാൽ സത്യത്തിന്റെ കഴിവുറ്റതും വിശ്വസ്തനുമായ ഏത് ദാസനും പാണ്ഡികശാലയിൽ നിന്ന് എന്തെങ്കിലും പുതിയത് നൽകുന്നതിൽ കർത്താവിനാൽ അനുഗ്രഹിക്കപ്പെടും എന്ന് കർത്താവ് തന്നെ ഉറപ്പു നൽകുന്നു. നമ്മുടെ പാസ്റ്റർ അല്ലാതെ സഭയിലെ മറ്റ് ഏത് ദാസന്മാർക്കും കർത്താവ് പുതിയ സത്യം നൽകുന്നു എന്നതിൽ പാസ്റ്ററിന് അദ്ദേഹത്തിന്റെ ജീവിതത്തിൽ മുഴു പാണ്ഡികശാലയുടെയും ചുമതല ഉണ്ടായിരുന്നു എന്ന വസ്തുതയോട് യാതൊരു പൊരുത്തക്കുറവും ഇല്ല. അങ്ങനെ സംഭവിച്ചത് ആ സമയത്തായിരുന്നില്ല, ഈ കാലഘട്ടത്തിലായിരുന്നെങ്കിൽ നമ്മുടെ പാസ്റ്ററിന് പാണ്ഡികശാലയുടെ ചുമതല മേലിൽ ഇല്ലാത്തതിനാൽ മറ്റാരെങ്കിലും ആ പാണ്ഡികശാലയിൽ നിന്ന് പുതിയതോ പഴയതോ ആയവ പുറത്ത് കൊണ്ടുവരുന്നതിൽ പാണ്ഡികശാല ഇതിനു മുൻപ് പാസ്റ്ററിന്റെ ചുമതലയിലായിരുന്നു എന്ന വസ്തുതയെ നിരസിക്കുന്നില്ല.

ഈ വിഷയത്തിൽ കർത്താവ് ഉപയോഗിക്കുന്ന ചിത്രം മനസിലാക്കുമ്പോൾ ഇത് തെളിയുന്നു. ഒരു വീട്ടുടയവന് തന്റെ പാണ്ഡികശാലയുടെ അധികാരമുള്ള ഗൃഹവിചാരകൻ ഉണ്ടായിരുന്നു. ഈ പാണ്ഡികശാലയിൽ നിന്ന് വീട്ടിലുള്ളവർക്ക് വേണ്ടുന്നത് എത്തിച്ചുകൊടുക്കുവാൻ ഗൃഹവിചാരകന്റെ കീഴിൽ അവനെ സഹായിച്ചുകൊണ്ട് മറ്റ് ദാസന്മാരും ഉണ്ടാ

യിരുന്നു എന്നതാണ് ചിത്രം. ഈ ഗൃഹവിചാരകൻ അല്ല കളപ്പുരയിൽ വസ്തുവകകൾ ശേഖരിച്ചുവെച്ചത്, അദ്ദേഹത്തിന്റെ വീട്ടുടയവനാണ്. വീട്ടിലുള്ളവർക്ക് നൽകേണ്ടതായ പുതിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വീട്ടുടയവൻ ഗൃഹവിചാരകനോട് പതിവായി പറഞ്ഞിരുന്നു. വീട്ടുടയവൻ ഗൃഹവിചാരകനോട് അവ എന്താണ്, എവിടെയാണ് എന്ന് പറയുന്നതിനു മുൻപ് അവയെക്കുറിച്ച് അദ്ദേഹത്തിന് യാതൊരു അറിവുമുണ്ടായിരുന്നില്ല.

അപൂർവ്വമായി, അദ്ദേഹത്തെ ഗൃഹവിചാരകത്വത്തിൽ നിന്ന് മാറ്റാതെ തന്നെ വീട്ടുടയവൻ പാണ്ഡികശാലയിലെ ചില പുതിയ വസ്തുക്കളുടെ, സ്വഭാവത്തെ കുറിച്ചും സ്ഥാനത്തെക്കുറിച്ചും മറ്റ് വിശ്വസ്തരായ ദാസന്മാർക്ക് പറഞ്ഞുകൊടുക്കുകയും, അവയെ പുറത്തുകൊണ്ടുവന്ന് ഗൃഹവിചാരകന് കാണിച്ചുകൊടുക്കുവാൻ കൽപ്പിക്കുകയും, പിന്നീട് ആ ഗൃഹവിചാരകൻ അത് വീട്ടിലുള്ളവർക്കു വേണ്ടി ക്രമീകരിച്ചു നൽകുകയും ചെയ്തിരുന്നു. എന്നാൽ വീട്ടുടയവന്റെ ഗൃഹവിചാരകന്റെ മരണശേഷം, വീട്ടിലുള്ളവരെ മറ്റ് പുതിയ കാര്യങ്ങളെകൊണ്ട് പോഷിപ്പിക്കാതിരിക്കയോ പാണ്ഡികശാലയുടെ അധികാരം ഗൃഹവിചാരകന്റെ കയ്യിലായിരുന്നതിനാൽ ആ പാണ്ഡികശാലയിലെ വസ്തുവകകളെ ഉപയോഗിക്കാതെ ഉപേക്ഷിക്കുകയോ ചെയ്തില്ല, മറിച്ച് മറ്റൊരു ഗൃഹവിചാരകനെ നിയമിക്കാതെ തന്നെ തന്റെ ഭവനത്തിലുള്ളവർക്ക് ഭക്ഷണം താൻ ആഗ്രഹിക്കുന്ന കാര്യങ്ങളെ നൽകുവാൻ താൻ മറ്റാരെയെങ്കിലും ഉപയോഗിക്കാം. നമ്മുടെ കർത്താവിന്റെ പ്രത്യേക ഗൃഹവിചാരകന്റെ മരണത്തിനു ശേഷവും, തന്റെ ഗൃഹവിചാരകൻ ഇല്ലാതിരിക്കുന്നതിനു ശേഷവും ഇങ്ങനെ തന്നെ നമ്മുടെ കർത്താവ് ചെയ്തുപോരുന്നു. പാണ്ഡികശാലയുടെ അധികാരം നമ്മുടെ പാസ്റ്ററിന്റേതാണ് എന്ന വസ്തുതയെ അടിസ്ഥാനമാക്കിയുള്ള പോരാട്ടത്തെ ഇത് ഖണ്ഡിക്കുന്നു (PT' 87, p. 46).

പറൂസിയ എപ്പഫനി ദൂതന്മാരിലൂടെ കർത്താവ് നമുക്ക് നൽകിയ മഹത്തായ ശുശ്രൂഷയ്ക്ക് നാം കർത്താവിനോട് വളരെ നന്ദി കടപ്പെട്ടിരിക്കുന്നു. ഇതാണ് അവർ ആഗ്രഹിച്ചതും; നാം കർത്താവിന് കടപ്പെട്ടിരിക്കുന്നവരാണ് എന്ന് നമ്മെക്കൊണ്ട് ചിന്തിപ്പിക്കുവാനാണ് അവർ നമ്മെ പ്രേരിപ്പിച്ചത്. ദൈവം നമുക്കു വേണ്ടി ചെയ്യുവാൻ അവരെ ഏൽപ്പിച്ച മഹത്തായ വേലയ്ക്കായി നാം അവരെ അനുമോദിക്കണം എന്ന് നിങ്ങൾ പറഞ്ഞെന്നുവരാം. സദൃ. 4:18 ൽ ആദ്യം പറഞ്ഞതു പോലെ, നാം നട്ടുച്ചയിലേക്ക് ഇതുവരെ കടന്നിട്ടില്ലാത്തതിനാൽ മറ്റ് കാര്യങ്ങളുടെ കൂടെ സത്യവും പുരോഗമിച്ചു വരും, അതനുസരിച്ച് നമ്മുടെ പാസ്റ്ററിന്റെ മരണശേഷം സത്യത്തിന്റെ പുതിയ ലക്ഷണങ്ങൾ മുന്നോട്ടുവരും എന്ന് സൂചിപ്പിക്കുന്നു. ഹോ, മുന്നേറിവന്ന് വളർച്ച പ്രാപിക്കുന്ന സത്യം ആവശ്യമുള്ളപ്പോൾ നമുക്കു എത്തിച്ചു തരുന്നത് തുടരുന്നു. പാസ്റ്റർ റസ്സൽ P-2, p. 28 ൽ ഇങ്ങനെ എഴുതി: ഓരോ വ്യവസ്ഥാകാലത്തും പ്രത്യേകമായ സത്യങ്ങളുണ്ട്. അതിന്റെ അറിവ് യഹൂദയുഗത്തിന്റെ അന്ത്യത്തിൽ ആവശ്യമായിരുന്നതുപോലെ ഈ യുഗത്തിന്റെ അന്ത്യത്തിലും സർവ്വപ്രധാനമായിട്ടുള്ളതാണ്. അന്നു തക്കകാലമായിരുന്ന സത്യത്തെ വിവേചിക്കാത്തവർക്ക് അന്നു തക്കകാലമായിരുന്ന കൃപകളും ലഭിച്ചില്ല. ഈ യുഗത്തിന്റെ അന്ത്യത്തിലും അവ്വണ്ണം തന്നെയാകുന്നു. ഇപ്പോൾ തക്കകാലമായിരിക്കുന്ന സത്യങ്ങളെ കാണ്മാൻ കഴിയാതെവണ്ണം അവിശ്വാസത്താലും ലോകമയത്വത്താലും അന്ധന്മാരാക്കപ്പെട്ടിരിക്കുന്നവർക്കു ഇപ്പോൾ തക്കകാലമായിരിക്കുന്ന പ്രത്യേക കൃപകളെ പ്രാപിപ്പാനും കഴിയുകയില്ല. അത്മോൽപ്പാദിതരല്ലാത്ത ദാസന്മാരുടെ ശുശ്രൂഷയിലൂടെയും കർത്താവ് നമ്മെ അനുഗ്രഹിക്കുന്നത് തുടരുന്നത് യുക്തമായി തോന്നുന്നു. ദൈവം നമുക്ക് ശുശ്രൂഷയ്ക്കായി, നമുക്ക് വേണ്ടി ജാഗരിക്കുവാനായി, സത്യം നമ്മോട് സംസാരിക്കുവാനായി, നമുക്ക് നൽകിയിരിക്കുന്ന മികച്ച ദാസന്മാർക്ക് വേണ്ടി നാം ദൈവത്തിന് നന്ദി പറയുക. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ, ആമേൻ.



# രാജാവിന്റെ സാന്നിദ്ധ്യത്തിന്റെ അടയാളങ്ങൾ

## SIGNS OF THE PRESENCE OF THE KING

**"എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനിൽക്കും? അവൻ ഊതിക്കഴിക്കുന്നവന്റെ തീ പോലെയും അലക്കുന്നവരുടെ ചാരവെള്ളം പോലെയും ആയിരിക്കും" – മലാഖി 3: 2**

നമ്മുടെ ആധാരവാക്യത്തിലെ പ്രവാചകന്റെ വാക്കുകൾ ഇപ്പോഴുള്ള സുവിശേഷയുഗത്തിന്റെ അന്ത്യത്തെ പരാമർശിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് പ്രവചിക്കുന്നതും ഇതേ ദിവസത്തെക്കുറിച്ചുതന്നെ, "ആ ദിവസം അതിനെ തെളിവാക്കും; അത് തീ പോലെ വെളിപ്പെട്ടുവരും; ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്ന് തീ തന്നെ ശോധന ചെയ്യും" (1 കൊരി. 3:13). കർത്താവിന്റെ ആ മഹാദിവസത്തിൽ ആകാശങ്ങൾ തീ കത്തുകയും, മൂലപദാർത്ഥങ്ങൾ കത്തിയഴികയും, ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യുക എന്ന് അപ്പൊ. പത്രൊസ് വരച്ചുകാണിക്കുന്നത് ഈ ദിവസത്തെക്കുറിച്ച് ആണ് (2 പത്രൊ. 3:10). ഈ ദിവസത്തെക്കുറിച്ച് തന്നെയാണ് സെഫന്യാ പ്രവാചകനും, കർത്താവിന്റെ ദിവസത്തിൽ സർവ്വ ഭൂമിയും അവന്റെ തീക്ഷ്ണതാഗ്നിക്ക് ഇരയായിത്തീരും എന്ന് പറഞ്ഞിരിക്കുന്നത് (സെഫ. 3:8). യെശയ്യാവ്, യിരമ്യാവ് എന്നിവരെപ്പോലെ ദൈവത്തിന്റെ വിശ്വസ്തരായ അനേകം പ്രവാചകന്മാർ ഈ ദിവസത്തെപ്പറ്റി പ്രവചിച്ചിട്ടുണ്ട്. ആ ദിവസത്തിൽ "ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും" എന്ന് കർത്താവിന്റെ ദൂതനാൽ ദാനിയേൽ പ്രവാചകനും നിർദ്ദേശം ലഭിച്ചു (ദാനി. 12:1). നമ്മുടെ കർത്താവായ യേശുവും ഈ പ്രവചനത്തെ മത്താ. 24:21-22 ൽ സ്ഥിരീകരിക്കയും, ഇനിമേൽ അത്തരം ഒരു കാലം ഉണ്ടാകയില്ല എന്നും പറയുകയും ചെയ്യുന്നു.

തിരുവെഴുത്തുകൾ ഈ ദിവസത്തെ, "കർത്താവിന്റെ ദിവസം", "യഹോവയുടെ ദിവസം", "ദൈവത്തിന്റെ ദിവസം", "ക്രിസ്തുവിന്റെ ദിവസം", "പ്രതികാരദിവസം", "വലുതും ഭയങ്കരവുമായ ദിവസം"... എന്നും വിളിക്കുന്നു. പഴയ വ്യവസ്ഥിതിയുടെ അഴിഞ്ഞുപോകലിന്റെയും മഹത്തായ ഒരു പുതിയ വ്യവസ്ഥിതിയുടെ ആഗമനത്തിന്റെയും ഒരു ദിവസമാണത്. ഈ ദിവസത്തെക്കുറിച്ച് പ്രവചിക്കുമ്പോൾ സകലരും വീണുപോകുമ്പോഴും ആ ദിവസത്തിൽ കുലുങ്ങാതെ നിൽക്കുന്ന ഒരു ഗണത്തെപ്പറ്റി പ്രവാചകന്മാരും അപ്പൊസ്തോലന്മാരും സംസാരിക്കുന്നു. ഇളക്കമുള്ളതിനെ എല്ലാറ്റിനെയും ഇളക്കിക്കളഞ്ഞതിനു ശേഷം മാത്രമായിരിക്കും ഇളകാത്ത രാജ്യം സ്ഥാപിക്കപ്പെടുകയും നിലനിൽക്കുകയും ചെയ്യുന്നതെന്ന് വിശുദ്ധ പൗലൊസ് പറയുന്നു (എബ്രാ. 12:25-29). സമൂഹത്തിലെ ഇപ്പോഴത്തെ വ്യവസ്ഥിതി, നാമധേയ ക്രൈസ്തവ വ്യവസ്ഥിതി, സാമ്പത്തിക സ്ഥാപനങ്ങൾ, രാഷ്ട്രീയ സ്ഥാപനങ്ങൾ... സകലവും തകർന്നുപോകും.

ഇവിടെ രാജാവ് തന്റെ രാജ്യം നേടുവാൻ വരുന്നത് കാണിക്കുന്നത് വ്യക്തിപരവും ദേശീയവും ആയ സഭയുടെ പരിശോധനയും, ന്യായവിധിയും, നടപടിയുമാണ്. ദൈവരാജ്യം പൂർണമായും സ്ഥാപിക്കുമ്പോൾ പാപം ഇനി ഒരിക്കലും ഒരു ദോഷവും വരുത്താതെ വണ്ണം പാപത്തെ എല്ലാ രീതിയിലും നിരോധിക്കും. ഒരു രീതിയിലും തിന്മ പ്രവർത്തിക്കുവാൻ അവിടെ അനുവാദം ഉണ്ടാകയില്ല. നന്മ പ്രവർത്തിക്കുവാൻ മാത്രമായിരിക്കും അവിടെ അനുമതി ഉണ്ടാവുക. ഭൂമിയുടെ യഥാർത്ഥ രാജാവ് വാഴ്ചയ്ക്കായി തിരിച്ചുവരുന്നു എന്ന ഘോഷണത്തിൽ സന്തോഷം അനുഭവിക്കുന്നവർ ചുരുക്കമായിരിക്കും എന്നുള്ളതിൽ വിസ്മയമില്ല. നിരവധി ആളുകൾക്ക് തങ്ങളുടെ സഹമനുഷ്യരുടെ മേലുള്ള ഇപ്പോഴത്തെ ആനുകൂല്യത്തിന്റെ നഷ്ടമായിരിക്കും ഇത് നൽകുക. നിരവധി പേർക്ക് അവർ ഇപ്പോൾ ആസ്വദിക്കുന്നതും ആനന്ദിക്കുന്നതുമായ പാപങ്ങളുടെ നിരോധനവും അതിൽനിന്നുള്ള വിച്ഛേദനവുമായിരിക്കും അത്.

എന്നുവരികിലും, രാജാവും രാജ്യവും വരുന്നു എന്നു മാത്രമല്ല, അവ ഇപ്പോൾ ഇവിടെ തന്നെ ഉണ്ട്. ഇന്ന് മതപരവും രാഷ്ട്രീയപരവുമായ മണ്ഡലങ്ങളിലെ ഇപ്പോഴുള്ള അശാന്തിയും ഇളക്കവും, ജനങ്ങളുടെ പൊതുവായ ഉത്ബുദ്ധതയും രാജാവിൽ നിന്നും രാജ്യത്തിൽ നിന്നും പുറപ്പെടുന്ന പ്രഭാവത്തിന്റെ ഫലമാണ്. ഇനി ഭൂമിയെ നിയന്ത്രിക്കുവാൻ പോകുന്ന നീതിയുള്ള ഭരണകൂടത്തിനു വേണ്ടി മനുഷ്യഹൃദയത്തെ വിനയമുള്ളതും തയ്യാറായതും ആക്കിമാറ്റുവാൻ, ലോകത്ത് നീതിയുടെ ഭരണം ആരംഭിക്കുന്നതിനു വേണ്ടിയാണ് ഭൂമിയിലെ സകല രാജ്യങ്ങളുടെയും നാശത്തിന് തയ്യാറെടുക്കുവാൻ ദൈവരാജ്യം ഉദ്ദേശിക്കുന്നത് എന്ന് മനുഷ്യർ അറിയുന്നില്ല. ഈ രാജ്യം ബാഹ്യമായ മോടിയിലോ പ്രദർശനത്തിലോ, ബാഹമ്യമായ ദൃഷ്ടിയിൽ വരാതെ, രാത്രിയിൽ കള്ളനെന്നപോലെ വരുന്നതാകയാൽ ലൗകീകർക്ക് ഇത് തിരിച്ചറിയാനാകില്ല.

ദിനംതോറും ഇന്ന് രോഷാകുലവും, ഭീതിജനകവും, ക്രൂരവുമായ വളർന്നുവരുന്ന നിയമവിരുദ്ധമായ അവസ്ഥകൾക്കിടയിലും അവർ സമാധാനത്തിനായി പ്രത്യാശിക്കുന്നതും, ക്ലേശങ്ങൾക്കെല്ലാം ഒരു അറുതിയുണ്ടാകുമെന്നും, പിന്നെ സകലവും മുൻപുണ്ടായിരുന്നതുപോലെ ആകും എന്ന് സ്വയമായും മറ്റുള്ളവരെയും വിശ്വസിപ്പിക്കുന്നതും അവർ തുടരുന്നു. യഥാർത്ഥ അവസ്ഥകളിൽ നിന്ന് അവർ കുറെ സ്വയം അന്ധരാക്കുന്നു. ദൈവം ക്ലേശങ്ങൾ മുഴുഭൂമിയിലും നിറഞ്ഞ് വർധിക്കുവാൻ അനുവദിക്കുന്നു എന്നും, ഇപ്പോഴത്തെ വ്യവസ്ഥയെയും പരിവർത്തനവാദത്തെയും, അരാചകത്വത്തിന്റെ പ്രാരംഭഘട്ടങ്ങളെയും, സ്വാർത്ഥതയെയും, അഹങ്കാരത്തെയും, അധികാരത്തെയും അവരുടെ കണ്ണുകളിൽ നിറഞ്ഞിരിക്കുന്ന പണത്തോടുള്ള താൽപര്യവും നശിപ്പിക്കും എന്നും വിശ്വസിക്കുവാൻ അവർക്ക് കഴിയുന്നില്ല.

പാപത്തിനെതിരെ നീതിമാനായ ദൈവത്തിന്റെ വിധികൾ വരുമ്പോൾ ലോകത്തിന്റെ നിയമപ്രകാരമുള്ള ഈ ഭാവിക്ക് കാരണമായത് പാപവും, സ്വാർത്ഥതയും, അഴിമതിയുമാണെന്ന് തിരിച്ചറിയുകയും, തീയിലും രക്തത്തിലുമുള്ള ഭയങ്കരമായ സ്നാനത്താൽ ലോകം പവിത്രവും, ശുദ്ധവും, നിർമലവുമായി മാറുന്നതിനാൽ നാം നന്ദിയുള്ളവരാണ്. ശേഷം മനുഷ്യരാശി കർത്താവിനോട് നിലവിളിക്കുകയും, കർത്താവിനാലുള്ള വീണ്ടെടുപ്പിനെ ആഗ്രഹിക്കുകയും ചെയ്യും. കർത്താവ് അവരെ പരിചരിക്കുകയും, അവരെ ഉയർത്തി അനുഗ്രഹിക്കുകയും ചെയ്യും.

ദൈവത്തിന്റെ രാജ്യം എന്ന് അവകാശപ്പെടുന്നതും എന്നാൽ "ഈ ലോകത്തിന്റെ പ്രഭുവായ" സാത്താന്റെ, "ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായിരിക്കുന്നവന്റെ നിയന്ത്രണത്തിനു കീഴിൽ ഇരിക്കുന്നതുമായ ഈലോകരാജ്യങ്ങളുടെ പൊതുവായ നാശവും ക്ലേശവുമായിരിക്കും രാജാവിന്റെ വരവിൽ ഉണ്ടാകുന്നത് (യോഹ. 14:30; 16:11; എഫെ. 2:2). ഇന്നേ വരെ ഉണ്ടായിട്ടില്ലാത്ത രീതിയിലും അളവിലും, ഇനി ഒരു ഇളക്കം ആവശ്യമില്ലാത്ത രീതിയിൽ സമൂഹത്തെ അന്ന് ഇളക്കും (എബ്രാ. 12:26,27). ഈ ലോക സാമ്രാജ്യങ്ങളും ഭരണകൂടങ്ങളും കുശവന്റെ പാത്രം പോലെ ഉടയ്ക്കപ്പെടും. ഇപ്പോഴത്തെ സഭാപരമായ "ആകാശങ്ങളുടെ" ഒഴിഞ്ഞുപോകലും പ്രകാശിച്ചുനിൽക്കുന്ന "നക്ഷത്രങ്ങളുടെ" വീഴ്ചയുമായിരിക്കും അത്. ഇപ്പോൾ സത്യസുവിശേഷത്തിന്റെ സൂര്യപ്രകാശവും, ന്യായപ്രമാണത്തിന്റെ ചന്ദ്രപ്രകാശവും അതിന്റെ നിഴലുകളോടും പൊരുളുകളോടും കൂടെയും ലൗകികമായ ജ്ഞാനത്തിന്റെ കട്ടിയായ മേഘങ്ങളാൽ മറഞ്ഞുകിടക്കുന്നു. "സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും" (യോവേ. 2:30,31).

### ഇളകാത്ത രാജ്യം

**"അരുളിച്ചെയ്യുന്നവനെ നിരസിക്കാതിരിപ്പാൻ നോക്കുവിൻ. ഭൂമിയിൽ അരുളിച്ചെയ്തവനെ നിരസിച്ചവർ തെറ്റി ഒഴിയാതിരുന്നു എങ്കിൽ സ്വർഗ്ഗത്തിൽ നിന്ന് അരുളിച്ചെയ്യുന്നവനെ നാം വിട്ടുമാറിയാൽ എത്രയധികം. അവന്റെ ശബ്ദം അന്ന് ഭൂമിയെ ഇളക്കി; ഇപ്പോഴോ. "ഞാൻ ഇനി ഒരിക്കൽ ഭൂമിയെ മാത്രമല്ല, ആകാശത്തെയും ഇളക്കും" എന്ന് അവൻ വാഗ്ദത്തം ചെയ്തു. "ഇനി ഒരിക്കൽ" എന്നത്, ഇളക്കമില്ലാത്തത് നിലനിൽക്കേണ്ടതിന് നിർമിതമായ ഇളക്കമുള്ളതിനു മാറ്റം വരും എന്ന് സൂചിപ്പിക്കുന്നു. ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ. എബ്രാ. 12: 25–29 (NKJV)**

സമൂഹം അതിന്റെ സ്വാർത്ഥതകളിൽ നിന്നും, അതിന്റെ ദുർന്നടപ്പിൽ നിന്നും മോചിക്കപ്പെട്ടതിൽ ആനന്ദിക്കുമ്പോഴും, അവർ ഇനിയും പറ്റിച്ചേർന്നിരിക്കുവാൻ ആഗ്രഹിക്കുന്ന നീണ്ടകാലം പോറ്റിപരിപാലിച്ച പാപങ്ങളെ നീതിമാനും നിഷ്പക്ഷനുമായ ന്യായാധിപതിയായ കർത്താവ് ച്ഛേദിച്ചുകളഞ്ഞേക്കാം എന്ന് അവർ തിരിച്ചറിയും. അവരുടെ വ്യക്തിപരമായ സ്വാർത്ഥതയിൽ ഇടപെടുന്നതിൽ അവർ ഭയക്കുന്നു. അവരുടെ ഭയങ്ങളെ വ്യക്തമായി കണ്ടെത്തും. അവൻ ഇരുട്ടത്തുള്ളതെല്ലാം വെളിച്ചത്താക്കുകയും രഹസ്യവും പരസ്യവുമായ പാപത്തെയും സ്വാർത്ഥതയെയും തിരുത്തി അമർച്ച ചെയ്യും മുമ്പ് ഇന്നേവരെ തിരിച്ചറിയാത്ത അഴിമതിയുടെ ആഴങ്ങളെ അവൻ വെളിച്ചത്താക്കും. അവൻ "ന്യായത്തെ അളവുചരടും നീതിയെ തൂക്കുകട്ടയും ആക്കിവയ്ക്കും; കന്മഴ വ്യാജശരണത്തെ നീക്കിക്കളയും; വെള്ളം ഒളിവിടത്തെ ഒഴുക്കിക്കൊണ്ട് പോകും" (RV). "അവൻ ഉയരത്തിൽ പാർക്കുന്നവരെ, ഉന്നത നഗരത്തെ [ബാബിലോൺ] തന്നെ താഴ്ത്തി തള്ളിയിട്ടു നിലംപരിശാക്കി പൊടിയിൽ ഇട്ടുകളഞ്ഞിരിക്കുന്നു". "ഭോഷ്കിനെ ശരണമാക്കിയവരെ" അവൻ നശിപ്പിക്കും (യെശ. 28:15,17,18; 26:5,6).




## കാൽവിനും [ജോൺ കാൽവിൻ] സെർവിറ്റസും

**CALVIN AND SERVETUS (JOHN CALVIN)**

ചുവടെ കൊടുത്തിരിക്കുന്ന ശിലാനിർമ്മിതമായ ഒരു സ്മാരകം 1912 ൽ സ്വിറ്റ്സർലന്റിലെ ജനീവയിൽ പ്രതിഷ്ഠിച്ചിരിക്കുന്നു: "മൈക്കിൾ സെർവീറ്റസിന്റെ ഓർമ – അദ്ദേഹത്തിന്റെ കാലത്തിലെ മതഅസഹിഷ്ണുതയുടെ ഇര, സെപ്റ്റംബർ 27, 1553 ൽ ഷാംപെലിൽ മതവാദത്തിന്റെ ശിക്ഷയായി ചുട്ടെരിക്കപ്പെട്ടു. ആ പ്രവൃത്തിയുടെ പ്രായശ്ചിത്തമായും, വിശ്വാസത്തിന്റെ എല്ലാ വിഷയങ്ങളിലെയും നിർബന്ധത്തെ നിരാകരിച്ചുകൊണ്ടും ആണ് മുന്നൂറ്റിയൻപതു വർഷങ്ങൾക്കു ശേഷം ജോൺ കാൽവിന്റെ അനുയായികൾ ഉയർത്തിയത്."

യഥാർത്ഥ ക്രിസ്തുമതത്തിന്റെ ആത്മാവായ – നീതിയുടെയും സ്നേഹത്തിന്റെയും ആത്മാവിൽ തങ്ങളുടെ നേതാവിനെക്കാൾ ജോൺ കാൽവിന്റെ അനുയായികൾ വളർന്നിരിക്കുന്നു എന്ന് ഇങ്ങനെ ലോകത്തിനു തെളിയിച്ചുകൊടുത്തു. ഈ ഇടയ്ക്കുള്ള നാല് നൂറ്റാണ്ടുകളായി സമാനരീതിയിൽ നല്ല പുരോഗതി കാഴ്ചവയ്ക്കുന്ന സകല ക്രിസ്ത്യാനികളിൽ നിന്നും – കത്തോലിക്കരിൽ നിന്നും പ്രൊട്ടസ്റ്റന്റുകാരിൽ നിന്നും അവരുടെ പുരോഗതിയിൽ കാൽവിനിസ്റ്റുകൾ അനുമോദനങ്ങൾ അർഹിക്കുന്നു. ഇനി ആരും സെർവിറ്റസിനെ കത്തിക്കുവാൻ ശിക്ഷ വിധിച്ചതിലുള്ള കാൽവിന്റെ പങ്കിനെ ചോദ്യം ചെയ്യുകയില്ലല്ലോ.

സ്തംഭത്തിൻമേൽ നിർത്തി കത്തിയമർന്ന മറ്റുള്ളവരുടെ കാൽപാദത്തിൽ വിറക് കൂട്ടിയായിരുന്നു കത്തിക്കപ്പെട്ടത്. പുകയുടെ കൂടെ തീജ്വാലയെയും അവർ ശ്വസിച്ച്, ഇര പെട്ടെന്ന് അബോധാവസ്ഥയിലായിരുന്നു. എന്നാൽ സെർവ്വിറ്റസിന്റെ കാര്യത്തിലോ, സാത്താന്യ സൂക്ഷ്മബുദ്ധി കത്തിയമരുന്ന വിറകുകെട്ടുകളെ അകലെ ക്രമീകരിച്ചു അദ്ദേഹം – ദൈവത്തിന്റെയും, യേശുവിന്റെയും, ന്യായത്തിന്റെയും, സത്യത്തിന്റെയും, നീതിയുടെയും, സ്നേഹത്തിന്റെയും, ക്രിസ്തുമതത്തിന്റെയും, പരിഷ്ക്കാരത്തിന്റെയും നാമത്തിൽ ഏകദേശം അഞ്ച് മണിക്കൂറോളം ഭീകരമായ പീഡനത്താൽ അക്ഷരാർത്ഥമായും ജീവനോടെ കത്തിയമർന്നു.

തന്റെ സഹോദരനെ കൊല ചെയ്യുവാൻ തന്റെ യജമാനന്റെ ആത്മാവിൽ വളരെ അപര്യാപ്തനായ ഒരു മനുഷ്യനെ ദൈവവചനത്തിന്റെയും അതിന്റെ ആത്മാവിന്റെയും ഉപദേഷ്ടാവായി അംഗീകരിക്കാനാവില്ല എന്ന് നാം തിരിച്ചറിഞ്ഞത് ഇന്നാണ് എന്നതാണ് വളരെ ശ്രദ്ധേയമായി തോന്നുന്നത്. ബ്രദർ കാൽവിൻ തിരഞ്ഞെടുപ്പ് എന്ന ഉദ്ദേശത്തിന്റെ ഉപജ്ഞാതാവ് ആയിരുന്നില്ല മറിച്ച്, തിരഞ്ഞെടുക്കപ്പെടാത്തവർ അനന്തമായി പീഡിപ്പിക്കപ്പെടണം എന്ന ഉപദേശത്തിന്റെ ഉപജ്ഞാതാവാണ് എന്ന് ബൈബിൾ വിദ്യാർത്ഥികൾ ഇപ്പോഴാണ് തിരിച്ചറിഞ്ഞത്. "തിരഞ്ഞെടുക്കപ്പെട്ടവർ", "വൃതന്മാർ" എന്നീ പദങ്ങൾ ബൈബിളിലേതാണ് എന്ന് നാം ഇന്ന് മനസിലാക്കുന്നു! തന്റെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുന്നവർ ഒന്നാം പുനരുത്ഥാനത്തിൽ മഹത്ത്വീകരിക്കപ്പെടും. ഈ തിരഞ്ഞെടുക്കപ്പെട്ടവർ യേശുവിനോടുകൂടെ തന്റെ രാജ്യത്തിൽ തിരഞ്ഞെടുക്കപ്പെടാത്തവരെ – ഭൂമിയിലെ സകല വംശങ്ങളെയും അനുഗ്രഹിക്കും എന്ന് നാം തിരിച്ചറിയുന്നു. ഗലാത്യർ 3:29.

## പാഠം 85

1* ആരായിരുന്നു മൈക്കിൾ സെർവിറ്റസ്? അദ്ദേഹം ഏത് കാലത്ത് ജീവിച്ചിരുന്നു? Encyclopaedia, Reprint 5109, Para 1 കാണുക.

2* അദ്ദേഹത്തിനു വേണ്ടി എവിടെവെച്ച്, എന്നായിരുന്നു ഒരു സ്മാരകം ഉയർത്തിയത്?

3* അദ്ദേഹം എന്തിന്റെ ഇരയായിരുന്നു?

4* അദ്ദേഹത്തിന്റെ മതപരമായ ദൃഢവിശ്വാസത്തിന്റെ പേരിൽ ഷാംപെലിൽ ഏത് ദിവസമാണ് കത്തിക്കപ്പെട്ടത്?

5* ജോൺ കാൽവിൻ ആരായിരുന്നു? അദ്ദേഹത്തിന്റെ ഉപദേശങ്ങൾ എന്തായിരുന്നു? Encyclopaedia, Studies, Vol. 3, page 110, 112 കാണുക.

6* മുന്നൂറ്റിയൻപത് വർഷങ്ങൾക്കു ശേഷം എന്തുകൊണ്ടാണ് ജോൺ കാൽവിന്റെ അനുയായികൾ സെർവിറ്റസിന്റെ പേരിൽ സ്മാരകം ഉയർത്തിയത്?

7* കാൽവിന്റെ അനുയായികൾ എന്ത് ബോദ്ധ്യപ്പെടുത്തി? Para 2

8* കത്തോലിക്കരെ പറ്റിയും പ്രൊട്ടസ്റ്റന്റ് മതവിഭാഗത്തെ പറ്റിയും എന്താണ് പറയുന്നത്?

9* സെർവ്വിറ്റസിനെ കത്തിക്കുന്നതിനുള്ള കാൽവിന്റെ വിധിയെ ഇത് ന്യായീകരിക്കുന്നുണ്ടോ?

10* സ്തംഭത്തിന്മേൽ കത്തിക്കപ്പെട്ടവർക്ക് എന്ത് സംഭവിച്ചു? Para 3

11* അവരിൽ നിന്നും സെർവ്വിറ്റസിന്റെ മരണം ഏത് വിധത്തിൽ വ്യത്യസ്തമായിരുന്നു? അദ്ദേഹം മരിക്കുവാൻ എത്ര സമയം വേണ്ടി വന്നു?

12* ഇത്തരം ദാരുണമായ അതിക്രമങ്ങൾ നടത്തിയവർ എന്ത് പേരിലാണ് ഇത് ചെയ്തത്?

13 നാം ഇന്ന് തിരിച്ചറിയുന്നത് എന്താണ്? Para 4

14* ബ്രദർ കാൽവിന് യജമാനന്റെ ആത്മാവ് ഉണ്ടായിരുന്നുവോ?

15* കാൽവിൻ ഏത് ഉപദേശത്തിന്റെ ഉപജ്ഞാതാവാണ്? ഏത് ഉപദേശത്തിന്റെ ഉപജ്ഞാതാവായിരുന്നില്ല അദ്ദേഹം?

16* "തിരഞ്ഞെടുക്കപ്പെട്ടവർ", "വൃതന്മാർ" ഈ പദങ്ങൾ എങ്ങനെയുള്ള പദങ്ങളാണ്?

17* തങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കിയവർക്ക് എന്ത് സംഭവിച്ചു?

18* തിരഞ്ഞെടുക്കപ്പെട്ടവർ ദൈവരാജ്യത്തിൽ ആരുടെ കൂടെ ആയിരിക്കും? അവർ രാജ്യത്തിൽ എന്ത് ചെയ്യും? ഗലാ. 3:29; ഉൽപ. 22:8

**നക്ഷത്ര ചിഹ്നത്താൽ അടയാളപ്പെടുത്തിയിരിക്കുന്ന ചോദ്യങ്ങൾ പ്രത്യേകമായി കുട്ടികൾക്കുള്ളവയാണ്.*

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

# ആരാണ് അനുഗ്രഹിക്കപ്പെട്ടവർ?

## (WHO ARE THE BLESSED?)

ആരാണ് അനുഗ്രഹിക്കപ്പെട്ടവർ?
തങ്ങളുടെ സഹാനുഭൂതി ഉണർത്തി വെച്ചിരിക്കുന്നവർ,
സ്വയ ഇച്ഛകൾക്ക് മീതെ ആഹ്ളാദം പരത്തിയവർ-
അവശ്യഘട്ടങ്ങളിൽ ദൃഢചിത്തരും വാത്സല്യമതികളും,
ചിന്തകളിൽ സൗമര്യം കർമ്മങ്ങളിൽ ദയാലുക്കളും;
തൻ നിരീക്ഷണത്താൽ ശണ്ഠയണയ്ക്കുവാൻ ശക്തരും-
ഹൃദ്യമായ പുഞ്ചിരിയും സ്വൈര്യമായ വാക്കുകളുമുള്ളവർ;
പ്രാവെന്നപോൽ നിർദ്ദോഷരായ് ജീവിച്ചവർ,
സത്യത്തിൻ ഉപദേഷ്ടാക്കളും സ്നേഹത്തിൻ ശുശ്രൂഷകരും;
ധർമ്മപ്രഭാവങ്ങളെയെല്ലാം സ്നേഹിപ്പോർ - മനോഗുണാംശങ്ങളെയെല്ലാം-
മാനവകുലത്തിലെ എളിയവരെ സ്നേഹിച്ചവർ-
നന്മയാലുള്ള അചഞ്ചല ആനന്ദത്തെ സ്നേഹിച്ചവർ-
എല്ലാ നല്ല ദാനങ്ങളുടെയും ദാതാവിനെ സ്നേഹിച്ചവർ;
മനുജന്റെ അനുഗ്രഹത്തിനും പാലനത്തിനും ക്രിസ്തു അർപ്പിച്ച
ജീവ മഹത്വമാം പദ്ധതിയുടെ സത്യ അനുയായികൾ;
അന്ത്യത്തോളം ശാന്തമായി നിലനില്ക്കാവുന്നവർ,
ഭാവിയെ ശോധന ചെയ്യാവുന്നവർ, കഴിഞ്ഞതിനെ ഓർത്തുകൊള്ളുന്നവർ;
ശിക്ഷയെ ജയിക്കുന്ന ആ പ്രത്യാശയാൽ,
വൃഥാവിലല്ല തങ്ങൾ ജീവിച്ചതെന്ന് ഉറപ്പിക്കുവാനാവും;
ശേഷം തൻ അന്ത്യവിശ്രമത്തിൻ സമയത്തിനായ് ശാന്തമായ് കാത്തിടും-
ഇവർ മാത്രം അനുഗ്രഹിക്കപ്പെട്ടവർ!

## നമ്മുടെ കർത്താവിന്റെ മരണസ്മാരകം

**മാർച്ച് 25**
**6.00 p.m. ന് ശേഷം**

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**